VOL NO: 10 I ISSUE 13

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 MARCH 28 I ₹10

## ‘ജെൻഡർ’ വിഷയത്തിലെ ഭേദഗതി ബില്ലും പുരോഗമന വാദികളുടെ നിലവിളിയും

ജെൻഡർ സാമൂഹിക നിർമിതിയാണെന്നും സ്വയം സാക്ഷ്യപ്പെടുത്തി അത് പുനർനിർമിക്കാമെന്നുമുള്ള തലതിരിഞ്ഞ പുരോഗമനവാദത്തെ ചോദ്യം ചെയ്ത് ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുകയാണ്. ‘സ്വയം തിരിച്ചറിഞ്ഞ ലൈംഗിക സ്വത്വ’ങ്ങളല്ല മെഡിക്കൽ ബോർഡിന്റെ ശാസ്ത്രീയ നിരീക്ഷണങ്ങളാണ് അങ്ങനെവന്നാൽ ഇനി ജെൻഡർ നിർണയിക്കുക. കാലങ്ങളായി മാനവവാദികൾ മുന്നോട്ടുവയ്ക്കുന്ന ആശങ്കകളെയാണ് ബിൽ സഭയിലെത്തിച്ചിരിക്കുന്നത്.

പ്രവാചകനെ പിൻപറ്റൽ; അനിവാര്യതയും രീതിശാസ്ത്രവും

---

ജനിതകശാസ്ത്രം; മുസ്‌ലിംകളുടെ പങ്ക്

---

നീതിയെ കൊല ചെയ്യുന്നവർ

ടി.കെ അശ്റഫ് ● മുഹമ്മദ് സിയാദ് കണ്ണൂർ ● സമീർ മുണ്ടേരി




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

479
നേർപഥം വാരിക
2026 മാർച്ച് 28
1447 ശവ്വാൽ 09
പുസ്തകം 10 / ലക്കം 13

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




കവർ സ്റ്റോറി




10 'ജെൻഡർ' വിഷയത്തിലെ ഭേദഗതി ബില്ലും പുരോഗമനവാദികളുടെ നിലവിളിയും

ടി.കെ അശ്റഫ്

ജെൻഡർ സാമൂഹിക നിർമിതിയാണെന്നും സ്വയം സാക്ഷ്യപ്പെടുത്തി അത് പുനർനിർമിക്കാമെന്നുമുള്ള തലതിരിഞ്ഞ പുരോഗമനവാദത്തെ ചോദ്യം ചെയ്ത് ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുകയാണ്. 'സ്വയം തിരിച്ചറിഞ്ഞ ലൈംഗിക സ്വത്വ'ങ്ങളല്ല മെഡിക്കൽ ബോർഡിന്റെ ശാസ്ത്രീയ നിരീക്ഷണങ്ങളാണ് അങ്ങനെവന്നാൽ ഇനി ജെൻഡർ നിർണയിക്കുക. കാലങ്ങളായി മാനവവാദികൾ മുന്നോട്ടുവയ്ക്കുന്ന ആശങ്കകളെയാണ് ബിൽ സഭയിലെത്തിച്ചിരിക്കുന്നത്.

04 ചിന്താപഥം
'എങ്കിലും എന്റെ റബ്ബേ...!'
ഇബ്നു അശ്റഫ്

05 മുഖമൊഴി
നീതിയെ
കൊല ചെയ്യുന്നവർ

06 ലേഖനം
അനുഗ്രഹങ്ങളോടുള്ള
വ്യത്യസ്ത സമീപനങ്ങൾ
ഇമാം ഇബ്നുൽ ക്വയ്യിം(റഹി)
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

16 ലേഖനം
ഇസ്‌ലാം; ധാർമിക മൂല്യങ്ങളുടെ മതം
മുജീബുറഹ്മാൻ സ്വലാഹി

18 ലേഖനം
ജനിതകശാസ്ത്രം; മുസ്‌ലിംകളുടെ പങ്ക്
ഡോ. ടി. കെ. യൂസുഫ്

20 ലേഖനം
പ്രവാചകനെ പിൻപറ്റൽ;
അനിവാര്യതയും രീതിശാസ്ത്രവും
സമീർ മുണ്ടേരി

23 ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

26 ലേഖനം
ഉറുമ്പുകളുടെ ലോകം
ദുൽക്കർഷാൻ അലനല്ലൂർ

30 ലേഖനം
വിദ്യാഭ്യാസ നവോത്ഥാനം
കേരളത്തിൽ
മുഫ്‌ലിഹ്

32 ആരോഗ്യപഥം
അവധിക്കാലം:
കളിയിലുമുണ്ട് കാര്യം
ഡോ.യാസ്മിൻ എം അബ്ബാസ്

34 കവിത
ചിലപ്പോഴൊക്കെ
തെസ്നി വീരാൻ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

وَلَنَبْلُوَنَّكُم بِشَيْءٍ مِّنَ الْخَوْفِ وَالْجُوعِ وَنَقْصٍ
مِّنَ الْأَمْوَالِ وَالْأَنفُسِ وَالثَّمَرَاتِ ۗ وَبَشِّرِ الصَّابِرِينَ

''കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക'' (ക്വുർആൻ 2:155).

# 'എങ്കിലും എന്റെ റബ്ബേ...!'

ഇബ്നു അശ്റഫ്
ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ

'എങ്കിലും റബ്ബേ, എന്നോടത് വേണ്ടായിരുന്നു...' ചുണ്ടുകൾക്ക് പരിചയമില്ലെങ്കിലും പലരുടെയും ഹൃദയത്തിന്റെ അകത്തളങ്ങൾ ചിലപ്പോഴൊക്കെ മന്ത്രിച്ച വാചകമാകും ഇത്.

'ഞാൻ അഞ്ചുനേരം നമസ്കരിച്ചിട്ടും നിരന്തരം പ്രാർഥിച്ചിട്ടും ഹൃദയാന്തരാളങ്ങളിൽ ദൈവചിന്ത സൂക്ഷിച്ചിട്ടും എനിക്ക് ഇതാണല്ലോ വിധിച്ചത്...ജീവിതത്തിൽ ഒരിക്കലും സംഭവിക്കരുതെന്ന് ഞാൻ എത്ര പ്രാവശ്യം കരുതിയതാണ് ഇതൊക്കെ! എന്നിട്ടും എനിക്കത് അനുഭവിക്കേണ്ടി വന്നല്ലോ! എത്രയെത്ര ആളുകളാണ് ദുർവഴിയിൽ ചലിച്ചിട്ടും സന്തോഷത്തോടുകൂടി ജീവിക്കുന്നത്. അവർക്ക് എന്തെല്ലാം അനുഗ്രഹങ്ങളാണ് നൽകപ്പെട്ടിരിക്കുന്നത്...' ഇങ്ങനെയൊക്കെ ചിന്തിക്കുന്ന, പറയുന്ന പലരുമുണ്ട്.

സഹോദരങ്ങളേ, നിങ്ങൾ പടച്ചവന്റെ വിധിയിൽ വിശ്വസിക്കുന്നില്ലേ? സൃഷ്ടികളിൽ ശ്രേഷ്ഠരായ നബി(സ്വ) ജനിക്കുന്നതുതന്നെ യതീമായിട്ടാണെന്നത് നിങ്ങൾക്കറിയില്ലേ? ആറാം വയസ്സിൽ ഉമ്മയും എട്ടാം വയസ്സിൽ പിതാമഹനും മരണപ്പെട്ട് അനാഥത്വത്തിന്റെ സമ്പൂർണമായ വേദന അവിടുന്ന് അനുഭവിച്ചില്ലേ?

സ്നേഹനിധിയായ ഭാര്യ ഖദീജയും തണലായിരുന്ന പിതൃവ്യൻ അബൂത്വാലിബും വലിയ ഇടവേളകളില്ലാതെ മരണപ്പെട്ടില്ലേ? സ്വന്തം നാട്ടുകാരുടെയും കുടുംബക്കാരുടെയും ഉപദ്രവം സഹിക്കവയ്യാതെ നബി(സ്വ)ക്ക് പലായനം ചെയ്യേണ്ടിവന്നില്ലേ? പ്രിയപ്പെട്ട ഭാര്യയെ കുറിച്ച് അപവാദം പ്രചരിപ്പിക്കപ്പെട്ടപ്പോൾ വേദനിക്കേണ്ടിവന്നില്ലേ?

എന്തെല്ലാം പ്രയാസങ്ങളും പ്രതിസന്ധികളും വേദനകളും അവിടുന്ന് അനുഭവിച്ചു! ഒരിക്കലെങ്കിലും റബ്ബിനോട് 'എന്തിന് എന്നോടിത് ചെയ്തു' എന്ന് ആവലാതി പറഞ്ഞോ? നന്ദികേടിന്റെ ഒരു വാക്കെങ്കിലും മൊഴിഞ്ഞോ? ഒരിക്കലുമില്ല! കൂടുതൽ വിനയാന്വിതനും ഭക്തനുമാകുകയാണ് ചെയ്തത്! റബ്ബിനോട് നിരന്തരം പ്രാർഥിച്ച്, നിരാശനാകാതെ ജീവിച്ച് വിശ്വാസത്തിന്റെ കരുത്ത് തെളിയിക്കുകയാണ് ചെയ്തത്.

അല്ലാഹു നബി(സ്വ)യെ കൈവിട്ടില്ല. ഖദീജ(റ) മരിച്ചപ്പോൾ ആഇശ(റ)യെയും ഹഫ്സ(റ)യെയും പകരം നൽകി. അബൂത്വാലിബ് മരണപ്പെട്ടപ്പോൾ ഉമറി(റ)നെ കൊണ്ടും ഹംസ(റ)യെ കൊണ്ടും സഹായം നൽകി. അതെ, പടച്ചവൻ തനിക്ക് ഇഷ്ടമുള്ളവരെ ഏറെ പരീക്ഷിക്കും. പ്രവാചകന്മാരാണ് ഏറ്റവുമധികം പരീക്ഷിക്കപ്പെട്ടവർ എന്നത് ഇതിനു തെളിവാണ്.

ബുദ്ധിമുട്ടിക്കാനല്ല ഇതൊന്നും, നമ്മുടെ തേട്ടം റബ്ബ് കേൾക്കാഞ്ഞിട്ടുമല്ല. ഉരച്ചു നോക്കുന്തോറുമാണ് തിളക്കമേറുക. തീയിൽ ചുട്ട മൺകലത്തിനല്ലേ കൂടുതൽ ഉറപ്പുണ്ടാവുക? ആഗ്രഹിച്ചതൊക്കയും ലഭിക്കുന്ന സ്വർഗം ലഭിക്കുവാൻ അർഹത ലഭിക്കണമെങ്കിൽ പരീക്ഷണങ്ങൾക്ക് വിധേയമായേ തീരൂ. അതിൽ പിടിച്ചു നിൽക്കാൻ കഴിയണം. ആടിയുലയരുത്. ■

# നീതിയെ കൊല ചെയ്യുന്നവർ

ഇരുമ്പു തുലാസ്സിലെ തട്ടുകളിലൊന്നിൽ
അധികാരത്തിന്റെ കനത്ത വാളുകൾ.
മറുതട്ടിലെന്നും മെലിഞ്ഞുണങ്ങിയ
മനുഷ്യന്റെ കണ്ണുനീർ തുള്ളികൾ.
'കണ്ണുകെട്ടിയ ദേവതയല്ല' നീതി,
കണ്ണുതുറന്നു കാണേണ്ട സത്യമാണ്.
അന്ധതയല്ല, വിവേകമാണാവശ്യം;
അശരണന്റെ നോവ് തിരിച്ചറിയാൻ.

നീതി എന്നത് കേവലം നിയമപുസ്തകങ്ങളിലെ അക്ഷരങ്ങളല്ല; അത് മനുഷ്യന്റെ നിലനിൽപിന്റെ അടിസ്ഥാനമാണ്. സൂര്യപ്രകാശം പോലെ എല്ലാവർക്കും തുല്യമായി ലഭിക്കേണ്ട ഒന്നാണത്. എന്നാൽ സമകാലിക ലോകത്ത് നീതി പലപ്പോഴും അധികാരത്തിന്റെയും സമ്പത്തിന്റെയും തടവറയിലാണ്. പാർശ്വവൽക്കരിക്കപ്പെട്ടവന്റെ വിലാപം കേൾക്കാത്ത വ്യവസ്ഥിതികൾക്ക് എങ്ങനെയാണ് ഒരു സംസ്കൃത സമൂഹത്തെ കെട്ടിപ്പടുക്കാനാവുക? അർഹമായത് നിഷേധിക്കപ്പെടുമ്പോൾ ഉയരുന്ന ഓരോ ശബ്ദവും നീതിക്ക് വേണ്ടിയുള്ള പോരാട്ടമാണ്.

വർത്തമാന കാലത്ത് അനീതിയാണ് ലോകത്ത് കൊടികുത്തി വാഴുന്നത്. അമേരിക്കൻ പ്രസിഡന്റ് ജനങ്ങളെ കോന്നൊടുക്കുകയും രാജ്യങ്ങളെ അക്രമിച്ച് ഭരണാധികാരികളെ നിഷ്കാസനം ചെയ്യുകയും ചെയ്യുമ്പോൾ കൊലചെയ്യപ്പെടുന്നത് നീതിയാണ്. തികച്ചും അന്യായമായി ആര് ആരെ അക്രമിക്കുന്നതും അനീതിയാണ്. ഒരു രാജ്യത്തെ ഭരണാധികാരികൾ ആ രാജ്യത്തെ ചിലരെ മാത്രം പരിഗണിക്കുകയും അവർക്ക് വേണ്ടതെല്ലാം ചെയ്തുകൊടുക്കുകയും മറ്റു ചിലരെ അവഹേളിക്കുകയും അവരുടെ അവകാശങ്ങൾ ഹനിക്കുകയും അവരെ ഇല്ലാതാക്കാൻ നിശ്ശബ്ദമായി അനുവാദം നൽകുകയും ചെയ്യുന്നത് കടുത്ത അനീതിയും അക്രമവുമല്ലാതെ എന്താണ്?

ഒരു കഥ പറയാം: ഗ്രാമത്തിലെ ഏറ്റവും വലിയ പണക്കാരനായ ശേഖരൻ മുതലാളിയുടെ പത്തായപ്പുരയിൽ നിന്നും ഒരു ചെറിയ സ്വർണനാണയം കാണാതായി. സംശയം നീണ്ടത് അവിടെ പണിക്കുനിന്ന വൃദ്ധനായ മാധവൻ അപ്പൂപ്പന്റെ നേരെയാണ്. ഗ്രാമക്കൂട്ടത്തിൽ വെച്ച് മുതലാളി ആക്രോശിച്ചു: 'ഇവൻ കള്ളനാണ്, എന്റെ നാണയം ഇവൻ മോഷ്ടിച്ചു!' മാധവൻ അപ്പൂപ്പൻ വിറയ്ക്കുന്ന കൈകളോടെ പറഞ്ഞു: 'മുതലാളീ, ഞാൻ അത് എടുത്തിട്ടില്ല. എന്റെ പട്ടിണി മാറ്റാൻ ഞാൻ മോഷ്ടിക്കില്ല.'

പക്ഷേ, ആരും അത് വിശ്വസിച്ചില്ല. പണമുള്ളവന്റെ വാക്കുകൾക്ക് നീതിയുടെ നിറമുണ്ടായിരുന്നു. ശിക്ഷയായി അപ്പൂപ്പനെ ആ ഗ്രാമത്തിൽ നിന്ന് പുറത്താക്കാൻ തീരുമാനിച്ചു. തലതാഴ്ത്തി, കണ്ണുനീർ തുടച്ച് അപ്പൂപ്പൻ തന്റെ കുടിലിലേക്ക് നടന്നു.

അന്നു വൈകുന്നേരം ശേഖരൻ മുതലാളിയുടെ കൊച്ചുമകൻ കളിക്കുന്നതിനിടയിൽ പത്തായപ്പുരയുടെ മൂലയിൽ ഒളിഞ്ഞിരുന്ന ആ സ്വർണനാണയം കണ്ടെടുത്തു. അത് ഒരു എലി മാളത്തിലേക്ക് വലിച്ചിഴച്ചതായിരുന്നു.

സത്യം വെളിപ്പെട്ടപ്പോൾ മുതലാളിക്ക് കുറ്റബോധം തോന്നി. അദ്ദേഹം അപ്പൂപ്പന്റെ കുടിലിലെത്തി മാപ്പിരന്നു. അപ്പൂപ്പൻ ശാന്തനായി പറഞ്ഞു: 'മുതലാളീ, നഷ്ടപ്പെട്ട നാണയം തിരിച്ചുകിട്ടി. പക്ഷേ, നിഷേധിക്കപ്പെട്ട എന്റെ അന്തസ്സും തകർന്ന എന്റെ വിശ്വാസവും ഏത് തുലാസ്സിൽ തൂക്കിയാലാണ് നീതിയാവുക?'

മുതലാളിക്ക് മറുപടിയില്ലായിരുന്നു.



# അനുഗ്രഹങ്ങളോടുള്ള വ്യത്യസ്ത സമീപനങ്ങൾ

ഇമാം ഇബ്നുൽ ക്വയ്യിം(റഹി)
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

പിശാചിന്റെ ഉപദ്രവവുമായി ബന്ധപ്പെട്ട് മൂന്നുതരം ഹൃദയങ്ങളെ കുറിച്ച് ഇബ്നുൽക്വയ്യിം വിശദീകരിക്കുന്നു:

ഹൃദയങ്ങൾ മൂന്ന് തരത്തിലാണ്:

1. അതിൽ ആദ്യത്തെത് വിശ്വാസവും നന്മയുമില്ലാത്ത ഇരുളടഞ്ഞ ഹൃദയമാണ്. അതിലേക്ക് പ്രത്യേകമായി ദുർബോധനം നടത്തേണ്ട ആവശ്യമില്ല എന്നതിനാൽ പിശാച് അതിൽ വിശ്രമം കണ്ടെത്തി. കാരണം അവൻ അതിനെ തന്റെ വീടും സ്വദേശവുമായി സ്വീകരിച്ചു. താൻ ആഗ്രഹിക്കുന്നതുപോലെ അതിനെ നിയന്ത്രിക്കുകയും അതിന്മേൽ പൂർണനിയന്ത്രണം സ്ഥാപിക്കുകയും ചെയ്തു.

2. രണ്ടാമത്തെ ഹൃദയം: വിശ്വാസത്തിന്റെ വെളിച്ചത്താൽ പ്രകാശിപ്പിക്കപ്പെട്ട ഹൃദയമാണ്; അതിന്റെയുള്ളിൽ വിളക്ക് കത്തിച്ചുവെച്ചിട്ടുണ്ട്; എന്നാൽ അതിന്മേൽ ദേഹേച്ഛകളുടെ അന്ധകാരവും തന്നിഷ്ടങ്ങളുടെ കൊടുങ്കാറ്റുകളുമുണ്ട്. പിശാചിന് അവിടെ സമീപിക്കാനും പിൻവാങ്ങാനും അവസരമുണ്ട്; പോരാട്ടങ്ങൾക്കും പ്രതീക്ഷകൾക്കും വകയുണ്ട്. അതിനാൽ നിയന്ത്രണം നേടാനുള്ള പോരാട്ടം

**തന്റെ കൈവശമുള്ള ആയു ധങ്ങൾകൊണ്ടല്ലാതെ പിശാ ചിന് ഈ ഹൃദയത്തെ നിയ ന്ത്രിക്കാൻ സാധ്യമല്ല. പിശാച് അതിൽ പ്രവേശിച്ച് അവിടെ തന്റെ ആയുധം കണ്ടെത്തുക യും അത് എടുക്കുകയും അതു പയോഗിച്ച് പോരാടുകയും ചെയ്യും. കാരണം, അവന്റെ ആയുധങ്ങൾ ഹൃദയത്തിലെ ഇച്ഛകൾ, ആശയക്കുഴപ്പങ്ങൾ, ഭാവനകൾ, വ്യാമോഹങ്ങൾ എന്നിവയാണ്. ഈ ആയുധ ങ്ങളെ ചെറുക്കാനും അവയെ മറികടക്കാനും ഒരു ദാസന് വി ശ്വാസത്തിന്റെ ശക്തമായ പ്രതി രോധമുണ്ടെങ്കിൽ, അവന് പി ശാചിനെ തടയാൻ സാധിക്കും.**

രൂക്ഷമാവുകയും അത് തുടർന്നുകൊണ്ടേയിരിക്കുകയും ചെയ്യും. ഈ തരത്തിലുള്ള ഹൃദയം മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാണ്. ചില സമയങ്ങളിൽ അവൻ ശത്രുവിനെ പരാജയപ്പെടുത്തുന്നതിൽ വിജയിക്കുമ്പോൾ മറ്റു ചിലപ്പോൾ ശത്രു കൂടുതൽ നേരം അവനെ കീഴടക്കുന്നു. ചിലപ്പോൾ വിജയപരാജയങ്ങൾ തുല്യമായ നിലക്കാണ് (ഒരു യുദ്ധത്തിൽ വിജയിക്കുകയും മറ്റൊന്ന് തോൽക്കുകയും ചെയ്യുന്നു).

3. മൂന്നാമത്തെ ഹൃദയം വിശ്വാസത്താൽ നിറഞ്ഞിരിക്കുന്ന ഹൃദയമാണ്. ഈമാനിന്റെ പ്രകാശത്താൽ അത് പ്രകാശിതമാകുന്നു. അതിൽനിന്ന് ദേഹേച്ഛകളുടെ മൂടുപടങ്ങൾ നീക്കിയിരിക്കുന്നു. അതിന്റെ ഭാഗമായുള്ള ഇരുട്ടുകൾ നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. അവന്റെ ഹൃദയത്തിലെ പ്രകാശത്തിന് ഒരു തിളക്കമുണ്ട്, ആ തിളക്കം ഒരു ജ്വലനമാണ്. ദുർമന്ത്രണം നടത്തുന്ന പിശാച് അതിനടുത്തെത്തിയാൽ, അവൻ അവിടെ കത്തിയെരിയും. നക്ഷത്രങ്ങൾ കാവൽ നിൽക്കുന്ന ആകാശം പോലെയാണത്; അതിനെ മറികടക്കാൻ പിശാച് അതിനടുത്തെത്തിയാൽ, അവൻ ഒരു ഉൽക്കകൊണ്ട് എറിഞ്ഞ് കത്തിക്കപ്പെടും.

അല്ലാഹുവിനെ കണ്ടുമുട്ടുന്ന നിഷ്കളങ്കമായ ഈ ഹൃദയത്തിൽ സർവശക്തനായ അല്ലാഹുവല്ലാതെ മറ്റൊന്നും ഇല്ല. ഹൃദയങ്ങളിൽ ഏറ്റവും മികച്ച ഹൃദയമാണത്. ഹൃദയം കുറ്റമറ്റതായാൽ മാത്രമെ ശരീരം കുറ്റമറ്റതാകൂ. അതുകൊണ്ട് തന്നെയാണ് അത് ഖുർആനിൽ പ്രത്യേകം പരാമർശിക്കപ്പെടുന്നത്:

“തീർച്ചയായും അദ്ദേഹത്തിന്റെ (നൂഹ് നബിയുടെ) കക്ഷികളിൽ പെട്ട ആൾ തന്നെയാകുന്നു ഇബ്റാഹീം. നിഷ്കളങ്കമായ ഹൃദയത്തോടുകൂടി അദ്ദേഹം തന്റെ രക്ഷിതാവിങ്കൽ വന്ന സന്ദർഭം (ശ്രദ്ധേയമാകുന്നു)” (ഖുർആൻ 37:83,84).

ഒരിക്കലും വിശ്വാസിയെക്കാൾ പവിത്രമല്ല ആകാശം. അതുകൊണ്ട് തന്നെ, ആകാശത്തിന്റെ സംരക്ഷണത്തെക്കാൾ സമ്പൂർണമായിട്ടാണ് വിശ്വാസിയെ അല്ലാഹു സംരക്ഷിക്കുന്നത്. ആകാശം മലക്കുകളുടെ ആരാധനാസ്ഥലവും വഹ്യിന്റെ (ദിവ്യബോധനത്തിന്റെ) കലവറയുമാണ്. കീഴ്വണക്കത്തിന്റെ പ്രകാശവും അതിലുണ്ട്.

വിശ്വാസിയുടെ ഹൃദയം തൗഹീദ് (ഏകദൈവ വിശ്വാസം), സ്നേഹം, അറിവ്, ഈമാൻ എന്നിവയുടെ കലവറയാണ്. അതിന്റെ വെളിച്ചങ്ങൾ

അതിൽ വസിക്കുന്നു. അതിനാൽ, ശത്രുവിന്റെ ആക്രമണങ്ങളിൽ നിന്ന് അതിന് കാവലേർപ്പെടുത്തുകയും അതിനെ സംരക്ഷിക്കുകയും ചെയ്യേണ്ടത് ഏറെ അനിവാര്യമാണ്. അപ്രതീക്ഷിതമായ ഒരു അക്രമണത്തിലൂടെയോ അശ്രദ്ധയുടെ ഒരു നിമിഷത്തിലോ അല്ലാതെ അതിൽ നിന്നും ഒന്നും തട്ടിയെടുക്കാൻ ശത്രുവിന് സാധിക്കുകയില്ല.

മൂന്ന് വീടുകളുടെ ഉപമയാണ് ഇത് ചിത്രീകരിക്കാൻ ഏറ്റവും ഉത്തമം:

1. ഒരു രാജാവിന്റെ വീട്: അതിൽ അദ്ദേഹത്തിന്റെ നിധികളും സമ്പത്തും ആഭരണങ്ങളും സൂക്ഷിക്കുന്നു.

2. ഒരു അടിമയുടെ വീട്: അതിൽ ആ അടിമയുടെ നിധികളും സമ്പത്തും, ആഭരണങ്ങളും ഉണ്ട്; പക്ഷേ, രാജാവിന്റെയത്ര ആഭരണങ്ങളോ നിധികളോ ഇല്ല.

3. ഇതൊന്നുമില്ലാത്ത പൂർണമായും ശൂന്യമായ ഒരു വീട്.

ഇതിൽപ്പെട്ട ഒരു വീട്ടിൽ ഒരു കള്ളൻ മോഷ്ടിക്കാൻ വരുന്നു. അപ്പോൾ അവൻ ഏതു വീട്ടിൽ നിന്നാകും മോഷ്ടിക്കുക?

ഒഴിഞ്ഞ വീട്ടിൽ നിന്നാണെന്ന് നിങ്ങൾ പറയുകയാണെങ്കിൽ അത് അസാധ്യമാണ്. കാരണം, ഒഴിഞ്ഞ വീട്ടിൽ നിന്ന് മോഷ്ടിക്കാൻ ഒന്നുമില്ല. അതുകൊണ്ടാണ് തങ്ങളുടെ പ്രാർഥനയിൽ പിശാച് ദുർബോധനം (വസ്‌വാസ്) നടത്താറില്ലെന്ന് ജൂതന്മാർ അവകാശപ്പെടുന്നതായി ഇബ്നു അബ്ബാസിനോട് പറഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെ പ്രതികരിച്ചത്: ‘നശിച്ച ഹൃദയത്തിൽ പിശാച് എന്തുചെയ്യാനാണ്?’

‘അവൻ രാജാവിന്റെ കൊട്ടാരത്തിൽനിന്ന് മോഷ്ടിക്കും’ എന്ന് നിങ്ങൾ പറയുകയാണെങ്കിൽ അതും തീർത്തും അസാധ്യമായിരിക്കും. കാരണം, കള്ളന് സമീപിക്കാൻ കഴിയാത്തവിധം കാവൽക്കാരും സുരക്ഷാ സംവിധാനങ്ങളും അവിടെയുണ്ട്. രാജാവുതന്നെ സ്വയം കാവൽക്കാരനായിരിക്കുമ്പോൾ പറയേണ്ടതില്ലല്ലോ! ഇത്രയധികം കാവൽക്കാരും സൈന്യവും ചുറ്റും നിൽക്കുമ്പോൾ ഒരു കള്ളന് എങ്ങനെ അതിലേക്ക് അടുക്കാൻ സാധിക്കും?

അപ്പോൾ, കള്ളന് ബാക്കിയുള്ള ഒരേയൊരു സ്ഥലം അടിമയുടെ വീടാണ്. അവൻ ആക്രമണത്തിനു തെരഞ്ഞെടുക്കുന്നത് ആ വീടായിരിക്കും.

അതിനാൽ, ജ്ഞാനിയായ ഒരു മനുഷ്യൻ ഈ ഉദാഹരണത്തെക്കുറിച്ച് യാഥാർഥ്യബോധത്തോടെ ചിന്തിക്കട്ടെ. അവൻ ഈ ഉദാഹരണത്തെ ഹൃദയങ്ങളിലേക്ക് പ്രയോഗിക്കുകയും ചെയ്യട്ടെ. കാരണം ഈ പറഞ്ഞ മൂന്നു വീടുകളും ഹൃദയത്തിന്റെ അതേ രൂപത്തിലാണ്.

ഒരു നന്മയുമില്ലാത്ത, അവിശ്വാസിയുടെയും കപടവിശ്വാസിയുടെയും ഹൃദയം പിശാചിന്റെ ഭവനമാണ്. അവൻ അതിനെ തനിക്കായി സുരക്ഷിതമാക്കി, അതിൽ സ്ഥിരതാമസമാക്കി, തന്റെ വാസസ്ഥലവും കലവറയുമാക്കി. അവന്റെ നിധികളും, കരുതൽ ശേഖരങ്ങളും സംശയങ്ങളും ഭാവനകളും മന്ത്രിക്കലുകളും എല്ലാം അതിൽ ഉള്ളപ്പോൾ അവന് അതിൽനിന്ന് ഇനി എന്താണ് മോഷ്ടിക്കാനുള്ളത്?

അല്ലാഹുവിന്റെ മഹത്ത്വം, സ്നേഹം, അവബോധം, അവനിൽനിന്നുള്ള ലജ്ജ എന്നിവയാൽ നിറഞ്ഞ ഒരു ഹൃദയത്തെ ആക്രമിക്കാൻ ഏത് പിശാചാണ് ധൈര്യപ്പെടുക? അതിൽനിന്ന് എന്തെങ്കിലും മോഷ്ടിക്കാൻ അവൻ ഉദ്ദേശിച്ചാലും, അവന് എന്താണ് മോഷ്ടിക്കാൻ കഴിയുക? അവന്റെ ആത്യന്തിക ലക്ഷ്യം അടിമയുടെ

അജ്ഞതയുടെയും അനിവാര്യമായ അശ്രദ്ധയുടെയും നിമിഷങ്ങളിൽ എന്തെങ്കിലും തട്ടിയെടുക്കുക എന്നതാണ്. കാരണം അവനും ഒരു മനുഷ്യനാണ്. അശ്രദ്ധ, മറവി, ആശയക്കുഴപ്പം, മനുഷ്യപ്രകൃതിയുടെ പ്രലോഭനം തുടങ്ങിയ മനുഷ്യത്വപരമായ സ്വഭാവങ്ങൾ അവനും ബാധകമാണ്.

അല്ലാഹുവിന്റെ തൗഹീദ്, അവനെക്കുറിച്ചുള്ള അറിവ്, അവനോടുള്ള സ്നേഹം, അവനിലുള്ള വിശ്വാസം, അവന്റെ വാഗ്ദാനത്തിലും താക്കീതുകളിലുമുള്ള വിശ്വാസം എന്നിവ ഉൾക്കൊള്ളുന്ന ഹൃദയം. അതോടോപ്പം മനസ്സിന്റെ ഇച്ഛകളും അതിന്റെ സവിശേഷതകളും വികാരത്തിന്റെയും മനുഷ്യപ്രകൃതിയുടെയും പ്രലോഭനങ്ങളും ഈ ഹൃദയം ഉൾക്കൊള്ളുന്നുണ്ട്.

ഈ രണ്ട് വിളികൾക്കിടയിലാണ് ഈ ഹൃദയം. ചിലപ്പോൾ വിശ്വാസം, അറിവ്, അല്ലാഹുവിനോടുള്ള സ്നേഹം, ആത്മാർഥമായി അവനോടുള്ള ആഗ്രഹം എന്നിവയുടെ വിളി ഹൃദയത്തെ അങ്ങോട്ടേക്ക് ചായ്‌വുള്ളതാക്കുന്നു. മറ്റു ചിലപ്പോൾ, വികാരത്തിന്റെയും പിശാചിന്റെയും മനുഷ്യപ്രകൃതിയുടെയും വിളി ഇങ്ങോട്ടേക്ക് ചായ്‌വുള്ളതാക്കുന്നു.

ഈ ഹൃദയമാണ് പിശാചിന്റെ ലക്ഷ്യം. അതിൽ അവന് സ്ഥാനങ്ങളും സ്വാധീനങ്ങളുമുണ്ട്. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് വിജയം നൽകുന്നു: '(സാക്ഷാൽ) സഹായം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നുമാത്രമാകുന്നു' (ക്വുർആൻ 3:126).

തന്റെ കൈവശമുള്ള ആയുധങ്ങൾകൊണ്ടല്ലാതെ പിശാചിന് ഈ ഹൃദയത്തെ നിയന്ത്രിക്കാൻ സാധ്യമല്ല. പിശാച് അതിൽ പ്രവേശിച്ച് അവിടെ തന്റെ ആയുധം കണ്ടെത്തുകയും അത് എടുക്കുകയും അതുപയോഗിച്ച് പോരാടുകയും ചെയ്യും. കാരണം, അവന്റെ ആയുധങ്ങൾ ഹൃദയത്തിലെ ഇച്ഛകൾ, ആശയക്കുഴപ്പങ്ങൾ, ഭാവനകൾ, വ്യാമോഹങ്ങൾ എന്നിവയാണ്. പിശാച് ആ ഹൃദയത്തിലേക്ക് പ്രവേശിച്ച് അവയെ കണ്ടെത്തുകയും അവയെ എടുക്കുകയും അവ ഉപയോഗിച്ച് ഹൃദയത്തെ ആക്രമിക്കുകയും ചെയ്യുന്നു. ഈ ആയുധങ്ങളെ ചെറുക്കാനും അവയെ മറികടക്കാനും ഒരു ദാസന് വിശ്വാസത്തിന്റെ ശക്തമായ പ്രതിരോധമുണ്ടെങ്കിൽ, അവന് പിശാചിനെ തടയാൻ സാധിക്കും. അല്ലാത്തപക്ഷം നിയന്ത്രണം അവന്റെ ശത്രുവിനായിരിക്കും. ഉന്നതനും മഹാനുമായ അല്ലാഹുവിനല്ലാതെ മറ്റൊരു കഴിവും ശക്തിയും ഇല്ല.

ഒരു ദാസൻ തന്റെ ശത്രുവിന് അനുവാദം നൽകുകയും തന്റെ വീടിന്റെ വാതിൽ ശത്രുവിന് തുറന്നുകൊടുക്കുകയും അവനെ അകത്തേക്ക് കടത്തിവിടുകയും യുദ്ധം ചെയ്യാൻ ആയുധങ്ങൾ നൽകുകയും ചെയ്താൽ, അവൻതന്നെയാണ് കുറ്റക്കാരൻ. ഒരുകവി പറഞ്ഞത് പോലെ:

'അതിനാൽ നീ നിന്നെത്തന്നെ കുറ്റപ്പെടുത്തുക,

(യുദ്ധ)വാഹനത്തെ കുറ്റപ്പെടുത്തേണ്ടതില്ല.

വേദനകൾ മറച്ചുവച്ചുകൊണ്ട് മരിക്കുക,

കാരണം, നിനക്ക് യാതൊരു ഒഴികഴിവുമില്ല.'

*(ഇമാം ഇബ്നുൽ ക്വയ്യിമിന്റ 'അൽ വാബിലുസ്സയ്യിബ്' എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ആശയ വിവർത്തനം. അതിന്റെ വിശദീകരണത്തിൽനിന്നുള്ള ചില ഭാഗങ്ങളും ചേർത്തിട്ടുണ്ട്).*

കവർ സ്റ്റോറി



# ‘ജെൻഡർ’ വിഷയത്തിലെ ഭേദഗതി ബില്ലും പുരോഗമനവാദികളുടെ നിലവിളിയും


ടി.കെ അശ്റഫ്

ജനറൽ സെക്രട്ടറി

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

: 81118 07199


‘ട്രാൻസ്ജെൻഡർ നിർണയം മെഡിക്കൽ ബോർഡിന്’ എന്ന തലക്കെട്ടിൽ ‘മാതൃഭൂമി’ പത്രത്തിൽ (14/03/2026) വന്ന ഒരു വാർത്ത വായിക്കാം:

“ന്യൂഡൽഹി: ‘ട്രാൻസ്ജെൻഡർ’ നിർവചനത്തിൽ കൂടുതൽ വ്യക്തത വരുത്തിയും ട്രാൻസ്ജെൻഡറുകൾക്ക് നേരേയുള്ള അതിക്രമങ്ങൾക്ക് ശിക്ഷാവ്യവസ്ഥകൾ കർശനമാക്കിയുമുള്ള ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ ലോക്സഭയിൽ.

പുതുക്കിയ നിർവചനപ്രകാരം വ്യത്യസ്ത ലൈംഗിക ആഭിമുഖ്യങ്ങളും ‘സ്വയം തിരിച്ചറിഞ്ഞ ലൈംഗിക സ്വത്വങ്ങളും’ ഉള്ളവരെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഗണത്തിൽ ഉൾപ്പെടുത്തില്ല. പകരം മെഡിക്കൽ ബോർഡ് തീരുമാനിക്കണം. കേന്ദ്ര സാമൂഹിക നീതി-ശാക്തീകരണ വകുപ്പ് മന്ത്രി വീരേന്ദ്രകുമാറാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്.

ബില്ലിലെ വ്യവസ്ഥയനുസരിച്ച് കിന്നർ, ഹിജഡ, അരവാണി തുടങ്ങിയ വിഭാഗങ്ങളെയും ജനിതകപരമായോ ശാരീരികമായോ വ്യത്യാസങ്ങളുള്ളവരെയുമാണ് ഇനി മുതൽ ട്രാൻസ്ജെൻഡർ നിർവചനത്തിൽ ഉൾപ്പെടുത്തുക.

'സ്വയം തിരിച്ചറിയുന്ന ലിംഗസ്വത്വങ്ങളെ' ഇതിൽനിന്ന് പൂർണമായും ഒഴിവാക്കിയെന്നതാണ് ശ്രദ്ധേയം.

ഈ നിർവചനപ്രകാരം ട്രാൻസ്ജെൻഡർ വ്യക്തിയായി അംഗീകാരം നൽകുന്നതിന് ജില്ലാ മജിസ്ട്രേറ്റിന് പുറമെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കോ കേന്ദ്രഭരണ പ്രദേശങ്ങൾക്കോ കീഴിലുള്ള ചീഫ് മെഡിക്കൽ ഓഫീസറുടെയോ ഡെപ്യൂട്ടി ചീഫ് മെഡിക്കൽ ഓഫീസറുടെയോ നേതൃത്വത്തിൽ ഒരു മെഡിക്കൽ ബോർഡിനെ അതോറിറ്റിയായി ചുമതലപ്പെടുത്തും.

നിലവിലുള്ള ബില്ലിലെ സെക്ഷൻ ആറിലാണ് ഇതിനായി ഭേദഗതി വരുത്തിയത്. സെക്ഷൻ 6(4) പ്രകാരം ട്രാൻസ്ജെൻഡർ വ്യക്തിയായി ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട വ്യക്തിക്ക് ജനന സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ ഔദ്യോഗിക രേഖകളിലും ആദ്യ നാമത്തിൽ മാറ്റം വരുത്താനാകും.

ശസ്ത്രക്രിയയിലൂടെ ലിംഗമാറ്റത്തിന് മെഡിക്കൽ സ്ഥാപനങ്ങൾ നിർബന്ധമായും വിശദാംശങ്ങൾ ജില്ലാ മജിസ്ട്രേറ്റിന് കൈമാറണമെന്ന് ഭേദഗതിയിൽ നിർദേശിക്കുന്നു.

ഒരു വ്യക്തിയുടെ സ്വത്വത്തെ ആ വ്യക്തിതന്നെ തീരുമാനിക്കുകയെന്ന ആധുനിക, പുരോഗമന കാഴ്ചപ്പാടിൽനിന്നുള്ള പുറകോട്ടുപോക്കായാണ് പുതിയ ബില്ലിലെ വ്യവസ്ഥ വ്യാഖ്യാനിക്കപ്പെടുന്നത്. ട്രാൻസ്ജെൻഡർ വ്യക്തിത്വത്തിനു മേലുള്ള കടന്നുകയറ്റമാകുമെന്നും വിമർശനമുണ്ട്."

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ആദ്യമേ പറയുന്ന കാര്യമാണ് കേന്ദ്ര സർക്കാർ ഇപ്പോൾ പുതിയ ബില്ലിലൂടെ പറഞ്ഞിരിക്കുന്നത്. ജെൻഡർ എന്നത് കേവലം ഒരു 'സാമൂഹിക നിർമിതി' മാത്രമാണെന്നും ഒരാൾക്ക് താൻ ആരാണെന്ന് സ്വയം തോന്നുന്നതിനനുസരിച്ച് അത് നിശ്ചയിക്കാമെന്നുമുള്ള വിചിത്രമായ വാദമാണ് കുറച്ചു കാലമായി നമ്മുടെ നാട്ടിൽ 'പുരോഗമനം' എന്ന പേരിൽ എഴുന്നള്ളിക്കപ്പെടുന്നത്. ഇത് പറയാൻ എളുപ്പമാണ്, കൗതുകകരമാണ്; എന്നാൽ അതുണ്ടാക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ അത്രമേൽ വലുതാണ്.

ആണിന് യാതൊരു മാനദണ്ഡവുമില്ലാതെ പെണ്ണാണെന്നും തിരിച്ചും അവകാശപ്പെടാനും അത് അവരുടെ ലിംഗസ്വത്വമായി പരിഗണിക്കാനും തുടങ്ങിയാൽ സമൂഹം തകരും. ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളെയുമായിരിക്കും. ഇത് നാം ഏറെക്കാലമായി പറയുന്ന ഒരു വിഷയമാണ്. പ്രായോഗിക തലത്തിൽ ഓരോരുത്തർക്കും തോന്നുന്നത് അവരുടെ ജെൻഡർ ആക്കി അംഗീകരിക്കൽ സാധ്യമല്ല എന്നതിന്റെ ഏറ്റവും ഒടുവിലെ ഉദാഹരണമാണ് പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട ബിൽ. ഗവൺമെന്റിന് ഇതിന്റെ പ്രത്യാഘാതങ്ങൾ തടയാൻ ഇത്തരമൊരു ഭേദഗതി കൊണ്ടുവരേണ്ടി വന്നു എന്നത് നാം നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എത്രത്തോളം പ്രസക്തമാണ് എന്നതിന്റെ തെളിവ് കൂടിയാണ്.

ഒരാൾക്ക് ഞാൻ ട്രാൻസ്ജെൻഡർ ആണെന്ന് വെറുതെ തോന്നിയാൽ പോരാ, മറിച്ച് മെഡിക്കൽ ബോർഡിന്റെ ശാസ്ത്രീയമായ പരിശോധനയും സർട്ടിഫിക്കറ്റും ഇനി മുതൽ നിർബന്ധമാണ്. ജെൻഡർ എന്നത് ഓരോരുത്തരുടെ തോന്നലു

**ജെൻഡർ സാമൂഹിക നിർമിതിയാണെന്നും സ്വയം സാക്ഷ്യപ്പെടുത്തി അത് പുനർനിർമിക്കാമെന്നുമുള്ള തലതിരിഞ്ഞ പുരോഗമനവാദത്തെ ചോദ്യം ചെയ്ത് ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുകയാണ്. 'സ്വയം തിരിച്ചറിഞ്ഞ ലൈംഗിക സ്വത്വ'ങ്ങളല്ല മെഡിക്കൽ ബോർഡിന്റെ ശാസ്ത്രീയ നിരീക്ഷണങ്ങളാണ് അങ്ങനെ വന്നാൽ ഇനി ജെൻഡർ നിർണയിക്കുക. കാലങ്ങളായി മാനവവാദികൾ മുന്നോട്ടുവയ്ക്കുന്ന ആശങ്കകളെയാണ് ബിൽ സഭയിലെത്തിച്ചിരിക്കുന്നത്.**



**വ്യക്തികൾക്ക് തങ്ങളുടെ ലിംഗപദവി സ്വയം പ്രഖ്യാപിക്കാനുള്ള** (Self identification) **അവകാശത്തെ മാറ്റിനിർത്തി, ഒരു മെഡിക്കൽ ബോർഡിന്റെ ശാസ്ത്രീയ പരിശോധനയിലൂടെ മാത്രമെ ട്രാൻസ്ജെൻഡർ സ്വത്വം അംഗീകരിക്കാവൂ എന്ന സുപ്രധാന നിർദേശമാണ് ബില്ലിന്റെ അന്തഃസത്ത. ഈ നീക്കം ശാസ്ത്രീയവും സാമൂഹിക സുരക്ഷ മുൻനിർത്തിയുള്ളതുമാണ്. എന്നാൽ, ലിംഗനീതിയുടെ പേരിൽ ഇതിനെതിരെ ഉയരുന്ന 'മനുഷ്യാവകാശ' മുറവിളികൾ വിഷയത്തിന്റെ ശാസ്ത്രീയ വശങ്ങളെയും വരാനിരിക്കുന്ന വലിയയൊരു സാമൂഹിക ദുരന്തത്തെയും കണ്ടില്ലെന്ന് നടിക്കുന്നതാണ്.**

കൾക്കനുസരിച്ച് മാറുന്ന ഒന്നല്ല എന്ന യാഥാർഥ്യത്തെയാണ് ഈ മാറ്റം അടിവരയിടുന്നത്.

നിയമസഭയിൽ അഡ്വ. എൻ. ഷംസുദ്ദീൻ എം.എൽ.എ ഉൾപ്പെടെയുള്ളവർ ഈ വിഷയത്തിലെ യുക്തിശൂന്യത ചൂണ്ടിക്കാണിച്ചപ്പോഴും 'ജെൻഡർ സാമൂഹിക നിർമിതി തന്നെയാണ്' എന്ന പിടിവാശിയിലായിരുന്നു നമ്മുടെ സർക്കാർ. എന്നാൽ ഇപ്പോൾ കേന്ദ്ര സർക്കാർ തലത്തിൽ തന്നെ ശാസ്ത്രീയമായ പരിശോധന വേണമെന്ന നിരീക്ഷണം വന്നപ്പോൾ നമുക്ക് എന്ത് പറയാനുണ്ട് എന്നത് പ്രധാനമാണ്.

ഈ വിഷയത്തിൽ നമ്മുടെ നിലപാട് വളരെ മുമ്പേ വ്യക്തമാക്കിയതാണെന്ന് സൂചിപ്പിച്ചു. ട്രാൻസ്ജെൻഡർ എന്നത് പുരുഷന്റെ ശരീരവും സ്ത്രീയുടെ മനസ്സും, അല്ലെങ്കിൽ സ്ത്രീയുടെ ശരീരവും പുരുഷന്റെ മനസ്സുമുള്ളവരാണ്. ഇവരെ അവരുടെ മനസ്സിന്റെ തോന്നലുകൾക്കനുസരിച്ച് ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയരാക്കുകയല്ല വേണ്ടത്, മറിച്ച് അവരുടെ മനസ്സിനെ ശരീരത്തിലേക്ക് പരിവർത്തിപ്പിക്കാനാവശ്യമായ ചികിത്സയും കൗൺസിലിംഗും നൽകുകയാണ് വേണ്ടത്. ശസ്ത്രക്രിയകൾ പലപ്പോഴും അവരെ കൂടുതൽ മാനസിക സംഘർഷങ്ങളിലേക്കും ആരോഗ്യപ്രശ്നങ്ങളിലേക്കും നയിക്കുകയാണ് ചെയ്യുന്നത്.

ശാരീരികമായി രണ്ട് ലിംഗാവയവങ്ങളുമായി ജനിക്കുന്ന 'ഇന്റർസെക്സ്' വിഭാഗത്തിനാണ് യഥാർഥത്തിൽ ശസ്ത്രക്രിയകൾ ആവശ്യമായി വരുന്നത്. അല്ലാതെ സ്വന്തം തോന്നലുകൾക്കനുസരിച്ച് ലിംഗത്വം മാറുന്നവർക്കല്ല. പരിഗണന അർഹിക്കുന്ന ഇത്തരം വിഭാഗങ്ങളെ മുൻനിർത്തി സ്വവർഗരതി പോലുള്ള അരാജകത്വ അജണ്ടകൾ സമൂഹത്തിൽ നോർമലൈസ് ചെയ്യാനാണ് എൽ.ജി.ബി.ടി.ക്യു ആക്ടിവിസം ശ്രമിക്കുന്നത്.

വിവിധ വേദികളിലും എഴുത്തുകളിലും നമ്മൾ ഈ അപകടത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയപ്പോൾ അതിനെതിരെ 'ആറാം നൂറ്റാണ്ടുകാർ' എന്ന് വിളിച്ച് ആക്ഷേപിക്കാനാണ് മാധ്യമപ്പടയും ചില രാഷ്ട്രീയ നേതാക്കളും മത്സരിച്ചത്.

പുരോഗമനമാണെന്ന് കരുതി എന്തും വിളിച്ചു പറയുന്നതിന് മുമ്പ്, അത് നമ്മുടെ കുടുംബ സംവിധാനത്തെയും വരുംതലമുറയെയും എങ്ങനെ ബാധിക്കുമെന്ന് ഭരണാധികാരികൾ ആലോചിക്കണം. ജെൻഡർ ന്യൂട്രാലിറ്റി എന്ന ലേബലിൽ ഒളിച്ചുകടത്തുന്ന ഇത്തരം അജണ്ടകളെ സമൂഹം തിരിച്ചറിയണം. മാധ്യമപ്രവർത്തകരും രാഷ്ട്രീയ നേതാക്കളും ഇനിയെങ്കിലും ഈ വിഷയത്തെ വിവേകത്തോടും സമചി ത്തതയോടും കൂടി സമീപിക്കണം. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ഇത്തരം കാര്യങ്ങൾ കൊണ്ടുവരുമ്പോൾ അതീവ ജാഗ്രത അനിവാര്യമാണ്.

**പഠനങ്ങളെ ഭയക്കുന്നത് ആരാണ്?**

ട്രാൻസ് ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെപ്പെട്ട കേന്ദ്ര ഭേദഗതി ബിൽ പാർലമെന്റിലെത്തിയതോടെ, ലിംഗസ്വത്വത്തെ (Gender Identity) സംബന്ധിച്ച ചർച്ചകൾ നമ്മുടെ രാജ്യത്ത് പുതിയയൊരു വഴിത്തിരിവിലാണ് എത്തിനിൽക്കുന്നത്. വ്യക്തികൾക്ക് തങ്ങളുടെ ലിംഗപദവി സ്വയം പ്രഖ്യാപിക്കാനുള്ള (Self identification) അവകാശത്തെ മാറ്റിനിർത്തി, ഒരു മെഡിക്കൽ ബോർഡിന്റെ ശാസ്ത്രീയ പരിശോധനയിലൂടെ മാത്രമെ ട്രാൻസ്ജെൻഡർ സ്വത്വം അംഗീകരിക്കാവൂ എന്ന സുപ്രധാന നിർദേശമാണ് ബില്ലിന്റെ അന്തഃസത്ത. ഈ നീക്കം ശാസ്ത്രീയവും സാമൂഹിക സുരക്ഷ മുൻനിർത്തിയുള്ളതുമാണ്. എന്നാൽ, ലിംഗനീതിയുടെ പേരിൽ ഇതിനെതിരെ ഉയരുന്ന 'മനുഷ്യാവകാശ' മുറവിളികൾ വിഷയത്തിന്റെ ശാസ്ത്രീയ വശങ്ങളെളെയും വരാനിരിക്കുന്ന വലിയയൊരു സാമൂഹിക ദുരന്തത്തെയും കണ്ടില്ലെന്ന് നടിക്കുന്നതാണ്.

'ജെൻഡർ ഫ്ളൂയിഡിറ്റി' എന്ന സിദ്ധാന്ത പ്രകാരം ഒരാൾക്ക് ഏതുസമയത്തും തന്റെ ലിംഗം തീരുമാനിക്കാം, അത് സ്പെക്ട്രം പോലെ അനന്തമാണ്. എന്നാൽ ഈ തോന്നലുകൾക്ക് നിയമസാധുത നൽകിയാൽ അത് സമൂഹത്തിന്റെ അടിത്തറ തകർക്കും. ഒരു പുരുഷന് യാതൊരു മാനദണ്ഡവുമില്ലാതെ താൻ സ്ത്രീയാണെണെന്ന് അവകാശപ്പെടാൻ അവസരം ലഭിച്ചാൽ അത് സ്ത്രീകളുടെ സ്വകാര്യതയെയും സുരക്ഷയെയും ഗുരുതരമായി ബാധിക്കും. പാശ്ചാത്യ രാജ്യങ്ങളിൽ 'ട്രാൻസ് വുമൺ' എന്ന പേരിൽ ജൈവിക പുരുഷന്മാർ സ്ത്രീകളുടെ ജയിലുകളിലും സ്പോർട്സ് മത്സരങ്ങളിലും ശൗചാലയങ്ങളിലും പ്രവേശിക്കുന്നതും സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നതും വലിയ വിവാദമായിരുന്നു. ബ്രിട്ടൻ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഈ നയത്തിന്റെ പ്രത്യാഘാതങ്ങൾ കണ്ട് ഇപ്പോൾ തിരുത്തൽ നടപടികൾ ആലോചിക്കുകയാണ്.

മനുഷ്യൻ ജൈവികമായി സ്ത്രീ-പുരുഷ ദ്വന്ദത്തിലാണ് ജനിക്കുന്നത്. ലോകജനസംഖ്യയുടെ ചെറിയൊരു ശതമാനം വരുന്ന 'ഇന്റർസെക്സ്' (Intersex) വിഭാഗക്കാർ ശാരീരികമായ ചില സങ്കീർണതകളോടെയാണ് ജനിക്കുന്നത്. ഇവരെയും, പുരുഷ ശരീരത്തിൽ സ്ത്രീയുടെ മനസ്സും തിരിച്ചും തോന്നുന്ന ട്രാൻസ്ജെൻഡറുകളെയും ശാസ്ത്രീയമായി തന്നെ പരിഗണിക്കണം. ഇത്തരക്കാർക്ക് അർഹമായ ചികിത്സയും കൗൺസിലിംഗുമാണ് നൽകേണ്ടത്. മറിച്ച്, വൈകാരികമായ തോന്നലുകൾക്കനുസരിച്ച് ശരീരത്തെ മാറ്റിമറിക്കാൻ ശ്രമിക്കുന്ന 'ലിംഗമാറ്റ ശസ്ത്രക്രിയകൾ' (Sex Reassignment Surgery) വിനാശകരമായ ഫലങ്ങളാണ് ഉണ്ടാക്കുന്നത്. ശസ്ത്രക്രിയക്ക് വിധേയരായവരിൽ പിന്നീട് വലിയ മാനസിക സംഘർഷങ്ങളും കടുത്ത ആരോഗ്യപ്രശ്നങ്ങളും ആത്മഹത്യാ പ്രവണതയും കാണപ്പെടുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. അമേരിക്കയിലെ 'ജോൺസ് ഹോപ്കിൻസ് യൂണിവേഴ്സിറ്റി' ഉൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളിലെ വിദഗ്ധർ ഈ ശസ്ത്രക്രിയകളുടെ അനന്തരഫലങ്ങളെക്കുറിച്ച് ഗൗരവമേറിയ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്.

കേരള നിയമസഭയിൽ ചില എം.എൽ.എമാർ ഈ വിഷയത്തിലെ യുക്തിശൂന്യത ചൂണ്ടിക്കാണിച്ചപ്പോൾ 'ജെൻഡർ ന്യൂട്രാലിറ്റി' എന്ന പിടിവാശിയിലായിരുന്നു നമ്മുടെ സർക്കാർ. സ്കൂൾ കരിക്കുലത്തിൽ ലിംഗഭേദമില്ലാത്ത വസ്ത്രധാരണവും പാഠപുസ്തകങ്ങളിൽ ജെൻഡർ രാഷ്ട്രീയവും കുത്തിനിറയ്ക്കുന്നത് കുട്ടികളിൽ കടുത്ത 'ജെൻഡർ കൺഫ്യൂഷൻ' സൃഷ്ടിക്കും. സ്വഭാവികമായ കുടുംബ രീതിയെ (Heteronormativity) ഒരു ഭാരമായി കാണാൻ വരുംതലമുറയെ പഠിപ്പിക്കുന്നത് വരാനിരിക്കുന്ന ലൈംഗിക അരാജകത്വത്തിന് വിത്തുപാകലാവുകയേയുള്ളൂ. വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന ഇത്തരം പരീക്ഷണങ്ങൾ കുട്ടികളുടെ സ്വാഭാവിക വികാസത്തെ തടസ്സപ്പെടുത്തുകയും അവരെ മാനസിക സംഘർഷങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യും.

LGBTQIA+ ആക്ടിവിസം എന്ന പേരിൽ നോർമലൈസ് ചെയ്യപ്പെടുന്ന സ്വവർഗാനുരാഗം പോലുള്ളവ ആരോഗ്യരംഗത്ത് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. ലോകാരോഗ്യ സംഘടനയുടെ (WHO) കണക്കുകൾ പ്രകാരം ഇത്തരം വിഭാഗങ്ങളിൽ

എച്ച്.ഐ.വി, എയ്ഡ്സ് രോഗങ്ങൾ മറ്റുള്ളവരെക്കാൾ വളരെ കൂടുതലാണ്. അമേരിക്കയിലെ രോഗനിയന്ത്രണ പ്രതിരോധ കേന്ദ്രങ്ങളുടെ (CDC) റിപ്പോർട്ടുകൾ പ്രകാരം യുവാക്കളിലെ സ്വവർഗാനുരാഗികളിൽ ഒരു വലിയ ശതമാനം 30 വയസ്സിനു മുമ്പ് എയ്ഡ്സ് ബാധിതരാകുന്നുണ്ട്. മങ്കി പോക്സ് (Monkey Pox) പോലുള്ള പകർച്ചവ്യാധികൾ ഇത്തരം ലൈംഗിക അരാജകത്വത്തിലൂടെയാണ് പടരുന്നതെന്ന് ലോകം തിരിച്ചറിഞ്ഞതാണ്.

ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ യഥാർഥ ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാണ് മെഡിക്കൽ ബോർഡ് പരിശോധനകൾ സഹായിക്കുക. ഇതിനെ വൈകാരികമായല്ല, മറിച്ച് വിവേകത്തോടും സമചിത്തതയോടും കൂടി സമീപിക്കണം. നമ്മുടെ സംസ്കാരവും ധാർമിക മൂല്യങ്ങളും വരുംതലമുറയുടെ സുരക്ഷിതത്വവും സംരക്ഷിക്കപ്പെടാൻ ഇത്തരം ശാസ്ത്രീയ ഇടപെടലുകൾ അനിവാര്യമാണ്. ശാസ്ത്രത്തെ ഭയപ്പെടാതെ, യാഥാർഥ്യങ്ങളെ ഉൾക്കൊള്ളാൻ ബന്ധപ്പെട്ടവർ തയ്യാറാകണം.

### ‘മാതൃഭൂമി’ കണ്ട പുരോഗമന വിരുദ്ധതയെന്ത്?

ട്രാൻസ് ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണ ബില്ലിലെ പുതിയ ഭേദഗതികളെ പുരോഗമനവിരുദ്ധമെന്ന് വിശേഷിപ്പിച്ചുകൊണ്ട് മാതൃഭൂമി മുഖപ്രസംഗം എഴുതുകയുണ്ടായി (2026 മാർച്ച് 15). വിഷയത്തെ വസ്തുനിഷ്ഠമായി സമീപിക്കുവാൻ അവർ തയ്യാറായിട്ടില്ല. ‘അന്തസ്സോടെ ജീവിക്കാൻ എല്ലാ

**ഒരുകാലത്ത് ജനസംഖ്യ നിയന്ത്രിക്കുന്നതിനെ വലിയ പുരോഗമനമായി കണ്ടവർ ഇന്ന് അതിന്റെ പ്രത്യാഘാതം അനുഭവിച്ച് നയങ്ങൾ തിരുത്തുകയാണ്. സമാനമായ ഒരു അവസ്ഥയിലേക്കാണ് ലിംഗ സ്വയംനിർണയാവകാശം എന്ന വാദവും വിരൽ ചൂണ്ടുന്നത്. മനുഷ്യന്റെ നൈമിഷിക വികാരങ്ങൾക്കല്ല, മറിച്ച് വരുംതലമുറയുടെ സുരക്ഷയ്ക്കും ധാർമിക മൂല്യങ്ങൾക്കുമാണ് പുരോഗമനത്തിൽ മുൻഗണന നൽകേണ്ടത്. കേന്ദ്ര സർക്കാർ കൊണ്ടുവന്ന ബില്ലിലെ യാഥാർഥ്യങ്ങളെ പോസിറ്റീവായി കണ്ട് ക്രിയാത്മകമായ ചർച്ചകളിലൂടെ നിയമത്തെ പരിഷ്കരിക്കുകയാണ് വേണ്ടത്.**



വർക്കും അവകാശമുണ്ട്’ എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ പുതിയ ഭേദഗതികൾ ഏത് അർഥത്തിലാണ് യഥാർഥ ട്രാൻസ് ജെൻഡർ വിഭാഗങ്ങളുടെ അന്തസ്സ് കെടുത്തുന്നത് എന്ന് തെളിയിക്കേണ്ട ബാധ്യത ബില്ലിനെ എതിർക്കുന്നവർക്കുണ്ട്. ലിംഗസ്വത്വത്തെ സംബന്ധിച്ച ചർച്ചകളിൽ ശാസ്ത്രത്തെയും ആഗോള പഠനങ്ങളെയും മുഖവിലയ്ക്കെടുക്കാതെ, വ്യക്തിസ്വാതന്ത്ര്യം എന്ന പല്ലവി പാടി ഗൗരവകരമായ ഈ വിഷയത്തെ വഴി തിരിച്ചുവിടുന്നത് നിർഭാഗ്യകരമാണ്

ലിംഗസ്വത്വം എന്നത് ഓരോരുത്തരുടെയും തോന്നലുകൾക്കനുസരിച്ച് മാറാവുന്ന ഒന്നാണെന്ന വാദം ആധുനിക ശാസ്ത്രീയ നിഗമനങ്ങൾക്ക് വിരുദ്ധമാണ്. ‘സ്വയം ഐഡന്റിഫൈ’ ചെയ്യുന്നത് ലിംഗസ്വത്വമായി അംഗീകരിച്ച പാശ്ചാത്യ രാജ്യങ്ങൾ ഇന്ന് അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ച് നിയമങ്ങൾ തിരുത്തുകയാണ്. യുകെയിലെ പ്രശസ്തമായ ‘കാസ് റിപ്പോർട്ട്’ (Cass Review), സ്വീഡനിലെയും ഫിൻലൻഡിലെയും ആരോഗ്യ മന്ത്രാലയങ്ങളുടെ പുതിയ പഠനങ്ങൾ എന്നിവ ഇതിന് തെളിവാ

ണ്. കുട്ടികളിലെ ജെൻഡർ ക്ലിനിക്കുകൾ നിർത്തലാക്കാനും ഹോർമോൺ ചികിത്സകളിൽ കടുത്ത നിയന്ത്രണം കൊണ്ടുവരാനും ഈ രാജ്യങ്ങൾ നിർബന്ധിതരായിരിക്കുന്നു. ജെൻഡർ ഡിസ്ഫോറിയ (Gender Dysphoria) മൂലം കുട്ടികളിൽ കണ്ടുവരുന്ന കനത്ത മാനസിക സംഘർഷങ്ങൾക്കും ശാരീരിക വെല്ലുവിളികൾക്കും 'അഫർമേഷൻ' (Affirmation) എന്ന ഒറ്റമൂലി പരിഹാരമല്ലെന്ന് ലോകം തിരിച്ചറി യുകയാണ്. ഇതിനിടയിലാണ് വിഷയത്തെ 'വ്യക്തിസ്വാതന്ത്ര്യം' എന്നു പറഞ്ഞ് നിസ്സാരവത്കരിക്കുന്നത്.

ജൈവിക പുരുഷന്മാർ തങ്ങൾ സ്ത്രീകളാണെന്ന് സ്വയം പ്രഖ്യാപിച്ച് സ്ത്രീകളുടെ സുരക്ഷിത ഇടങ്ങളിലേക്ക് പ്രവേശിക്കുന്നത് യൂറോപ്പിലും അമേരിക്കയിലും വലിയ സുരക്ഷാഭീഷണിയാണ് സൃഷ്ടിച്ചിട്ടുള്ളത്. സ്കോട്ട്ലൻഡിലെ ജയിലുകളിൽ ഉണ്ടായ സുരക്ഷാ വീഴ്ചകളും കായിക രംഗത്ത് ലിംഗ സ്വയം നിർണയാവകാശം വഴി സ്ത്രീകൾക്ക് അവസരങ്ങൾ നഷ്ടപ്പെടുന്നതും ഇന്ന് ആഗോള ചർച്ചയാണ്. സ്ത്രീകളുടെ കായിക മത്സരങ്ങൾ, സംവരണ ആനുകൂല്യങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും ഇത് പ്രതിസന്ധിയുണ്ടാക്കുന്നു. ഇത്തരം 'കള്ളനാണയങ്ങളെ' തിരിച്ചറിയാൻ എന്ത് മാനദണ്ഡമാണ് ഭേദഗതിയെ എതിർക്കുന്നവർ മുന്നോട്ടു വെക്കുന്നത്?

ഇവിടെയാണ് മെഡിക്കൽ ബോർഡിന്റെ ശാസ്ത്രീയ പരിശോധന എന്ന നിർദേശം പ്രസക്തമാകുന്നത്. ജൈവികമായ വ്യത്യാസങ്ങളുള്ള ഇന്റർസെക്സ് വിഭാഗത്തെയോ അവർ അനുഭവിക്കുന്ന പ്രയാസങ്ങളെയോ നാം തള്ളിക്കളയുന്നില്ല. ജൈവികമായിത്തന്നെ വ്യത്യാസമുള്ള അവരെ ട്രാൻസ് ജെൻഡർ എന്ന കുടക്കീഴിലാണ് പലപ്പോഴും വിശേഷിപ്പിക്കാറുള്ളത്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ ചേർത്തുപിടിക്കുകയും അവർക്ക് ആവശ്യമായ ചികിത്സയും കൗൺസിലിംഗും നൽകുകയുമാണ് വേണ്ടത്. എന്നാൽ കേവലം 'തോന്നലുകളെ' അടിസ്ഥാനപ്പെടുത്തി ലിംഗം നിശ്ചയിക്കണമെമെന്ന വാദം അപകടകരമാണ്. ഏതൊരാൾക്കും സ്വയം തോന്നുന്നു എന്ന കാരണത്താൽ ലിംഗമാറ്റം നടത്താൻ സാധിക്കുന്നത് സമൂഹത്തിൽ വലിയ അരാജകത്വമുണ്ടാക്കും. ഇത്തരം തോന്നലുകൾക്കനുസരിച്ച് നടത്തുന്ന ശസ്ത്രക്രിയകൾ വ്യക്തികളെ കൂടുതൽ മാനസിക-ശാരീരിക തകർച്ചയിലേക്കാണ് നയിക്കുക.

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവരിൽ പശ്ചാത്താപം കൂടുന്നതായും മാനസികാരോഗ്യം മെച്ചപ്പെപ്പെടുന്നില്ലെന്നും ധാരാളം പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. യഥാർഥത്തിൽ ശാരീരികമായി രണ്ട് ലൈംഗികാവയവങ്ങളുമായോ മറ്റോ ജനിക്കുന്ന 'ഇന്റർസെക്സ്' വ്യക്തികൾക്കാണ് ശസ്ത്രക്രിയകൾ അനിവാര്യമായി വരുന്നത്. ഈ വസ്തുത മറച്ചുവെച്ചുകൊണ്ടാണ് എല്ലാവരെയും ഒരേ ഗണത്തിൽപ്പെപ്പെടുത്തി ലിംഗമാറ്റ ശസ്ത്രക്രിയകൾക്കായി ആക്ടിവിസം നടക്കുന്നത്.

പരിഗണനയർഹിക്കുന്ന ഇന്റർസെക്സ് വ്യക്തികളെ മുൻനിറുത്തി, കുടുംബം എന്ന സുദൃഢമായ സാമൂഹിക സംവിധാനത്തെ തകർക്കാനും ലൈംഗിക അരാജകത്വം കൊണ്ടുവരാനും ചില സ്വാർഥ താൽപര്യക്കാർ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ലിംഗനീതി എന്ന ലേബലിൽ ഒളിച്ചുകടത്തുന്ന ഇത്തരം ആശയം നൂറ്റാണ്ടുകൾ കൊണ്ട് നാം പണിതുയർത്തിയ സുരക്ഷാ മതിലുകളെയാണ് തകർക്കുന്നത്. 'സ്വയം നിർണയാവകാശം' എന്ന പേരിൽ പുരുഷൻമാർക്ക് സ്ത്രീകളുടെ ഇടങ്ങളിലേക്ക് കടന്നുകയറാനുള്ള ലൈസൻസ് നൽകുന്നത് സ്ത്രീവിരുദ്ധമാണ്.

ഒരുകാലത്ത് ജനസംഖ്യ നിയന്ത്രിക്കുന്നതിനെ വലിയ പുരോഗമനമായി കണ്ടവർ ഇന്ന് അതിന്റെ പ്രത്യാഘാതം അനുഭവിച്ച് നയങ്ങൾ തിരുത്തുകയാണ്. സമാനമായ ഒരു അവസ്ഥയിലേക്കാണ് ലിംഗ സ്വയംനിർണയാവകാശം എന്ന വാദവും വിരൽ ചൂണ്ടുന്നത്. മനുഷ്യന്റെ നൈമിഷിക വികാരങ്ങൾക്കല്ല, മറിച്ച് വരുംതലമുറയുടെ സുരക്ഷയ്ക്കും ധാർമിക മൂല്യങ്ങൾക്കുമാണ് പുരോഗമനത്തിൽ മുൻഗണന നൽകേണ്ടത്. കേന്ദ്ര സർക്കാർ കൊണ്ടുവന്ന ബില്ലിലെ യാഥാർഥ്യങ്ങളെ പോസിറ്റീവായി കണ്ട് ക്രിയാത്മകമായ ചർച്ചകളിലൂടെ നിയമത്തെ പരിഷ്കരിക്കുകയാണ് വേണ്ടത്. യാഥാർഥ്യബോധത്തോടെയുള്ള ഇടപെടലുകളെ ഉൾക്കൊള്ളാൻ മാതൃഭൂമിയടക്കമുള്ള മുഖ്യധാരാ മാധ്യമങ്ങൾ തയ്യാറാകുമെന്ന് പ്രത്യാശിക്കുന്നു. ■




# ഇസ്‌ലാം;
## ധാർമിക മുല്യങ്ങളുടെ മതം
### മുജീബുറഹ്മാൻ സ്വലാഹി

ബന്ധങ്ങളെ ബന്ധനങ്ങളായി കാണാതെ ഹൃദ്യമായ അനുഭവമാക്കി പരിവർത്തിപ്പിക്കാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. അതിന്ന് ബാഹ്യസുന്ദരമായ ദർശനങ്ങൾ മതിയാവില്ല; സ്ഥായിയും ജീവിതസ്പർശിയും അന്യൂനവുമായ വിശ്വാസത്തിൽ ചാലിച്ചെടുത്ത മൂല്യങ്ങൾ അനിവാര്യം. കേവല നിയമാവലികൾക്ക് മനുഷ്യനെ സംസ്കാരസമ്പന്നനാക്കാനുള്ള കരുത്തുണ്ടാവില്ല. ഇസ്‌ലാമിനെ ഇതര ദർശനങ്ങളിൽനിന്ന് വ്യതിരിക്തമാക്കുന്ന സുപ്രധാന കാര്യം ജീവിതത്തെ ആപാദചൂഡം ധാർമികതയുടെ കവചം ധരിപ്പിക്കുന്നുവെന്നതാണ്. വ്യക്തി, സമൂഹം, രാഷ്ട്രീയം, സാമ്പത്തികം തുടങ്ങിയ ഒരു മേഖലയും അതിൽനിന്ന് മുക്തമല്ല.

റസൂൽ(സ്വ) പറയുന്നു: ‘ഉൽകൃഷ്ടസ്വഭാവ ഗുണങ്ങൾ പൂർത്തീകരിക്കാൻ വേണ്ടി തന്നെയാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്’ (ബൈഹകി).

മതം കേവലം ചില ആചാരങ്ങൾ മാത്രമല്ല; അത് സ്വഭാവത്തെ സ്വാധീനിക്കുമ്പോൾ മാത്രമാണ് ആരാധനപോലും ആത്മാവുള്ളതായി മാറുന്നത്. ജീവിതത്തിൽ സ്വാധീനം സൃഷ്ടിക്കാത്ത ആരാധന വെറും ചടങ്ങും പ്രാർഥന കേവലം ദന്തനിരകളിൽനിന്ന് പുറപ്പെടുന്ന ശബ്ദവും മാത്രമായി മാറും. ഇസ്‌ലാമിലെ സുപ്രധാന ആരാധനയായ നമസ്കാരത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നത് വളരെ ശ്രദ്ധേയമാണ്: ‘തീർച്ചയായും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അങ്ങേയറ്റം അക്ഷമനായിക്കൊണ്ടാണ്. അതായത് തിന്മ ബാധിച്ചാൽ പൊറുതികേട് കാണിക്കുന്നവനായിക്കൊണ്ടും നന്മ കൈവന്നാൽ തടഞ്ഞുവെക്കുന്നവനായിക്കൊണ്ടും; നമസ്കരിക്കുന്നവരൊഴികെ’ (ക്വുർആൻ 70:19-22).

ആരാധനകളിൽ മുഖ്യസ്ഥാനം അലങ്കരിക്കുന്ന നമസ്കാരം മുറതെറ്റാതെ അനുഷ്ഠിക്കുന്ന വ്യക്തിയുടെ ജീവിതത്തിൽ അതുണ്ടാക്കുന്ന പരിവർത്തനങ്ങളുടെ വൃത്തം എത്ര വിശാലമാണെന്ന് ഉപര്യുക്ത വചനം അടിവരയിട്ട് അടയാളപ്പെടുത്തുന്നു. സാമ്പത്തിക മേഖലയിൽ പോലും നമസ്കാരം വിശ്വാസി യെ സ്വാധീനിക്കുമെന്ന് പ്രസ്തുത വചനം സ്പഷ്ടമാക്കുന്നു. ഇസ്‌ലാമിക നിയമാവലിയുടെ സവിശേഷത അത് മനുഷ്യത്വകേന്ദ്രീകൃതമാണെന്നതാണ്. മാനുഷിക മൂല്യങ്ങളെയും അവകാശങ്ങളെയും ഹനിക്കുന്നത് അതീവ ഗുരുതരമായ അപരാധമായി ഇസ്‌ലാം കാണുന്നു. മനുഷ്യനെന്ന പരിഗണന ഭാഷ, ദേശ വർണഭേദ്യമന്യെ ഇസ്‌ലാം സർവർക്കും വകവെച്ചു നൽക്കുന്നു. “തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും കരയിലും കടലിലും അവരെ നാം വാഹനത്തിൽ കയറ്റുകയും വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു” (17:70).

വിവേചന ശേഷി, അറിവ്, ദൂതന്മാരെ നിയോഗിച്ചത്, വേദഗ്രന്ഥം ഇറക്കിക്കൊടുത്തത്... ഇങ്ങനെ ആദരവിന്റെ അടയാളം വിശാലമാണ്.

ഇസ്‌ലാമിന് പ്രചുരപ്രചാരം ലഭിക്കാൻ നിമിത്തമായത് അതിന്റെ ധാർമികവശം തന്നെയാണ്. വാളുകൊണ്ടല്ല, ധാർമികതകൊണ്ടും മാതൃകാപരമായ ജീവിതം കൊണ്ടും വാളിനെ അതിജീവിച്ചാണ് ഇസ്‌ലാം ലോകത്ത് പ്രചരിച്ചത്. കേരളത്തിലടക്കം ഇസ്‌ലാം വ്യാപനത്തിൽ വാളുകൾക്ക് പങ്കില്ലെന്നത് വസ്തുനിഷ്ഠമായ കാര്യം. നാം ധാരാളം വൈദേശിക ശക്തികളോട് പോരാടിയിട്ടുണ്ട്. അറബികളോട് പോരാടിയതായി ചരിത്രം പറയുന്നില്ല. കാരണം അവർ ആയുധത്തിന്റെ മൂർച്ചകൊണ്ടല്ല, ധാർമികതയുടെ കരുത്തുകൊണ്ടും മാതൃകപരമായ ജീവിതം കൊണ്ടുമാണ് ജനമനസ്സുകളെ കീഴടക്കിയത്

ധാർമികമൂല്യങ്ങൾ അസ്തമിക്കുമ്പോൾ മനുഷ്യൻ കരുണവറ്റിയ ഹൃദയത്തിന്റെ ഉടമയായി മാറും. പാവപ്പെട്ടവന്റെ തലയോട്ടിക്ക് മുകളിൽ കൊട്ടാരം നിർമിക്കാനും സഹജീവികളെ അടിമകളാക്കാനും മടിയില്ലത്തവനായി മാറാനും ധാർമികബോധം നഷ്ടപ്പെട്ടവന്ന് മടിയുണ്ടാകില്ല.

അധഃപതനത്തിന്റെ അവസാന ബിന്ദുവരെ അവൻ അപഥസഞ്ചാരം നടത്തും. ധാർമിക മൂല്യങ്ങൾക്ക് അപ്രസക്തമായ സ്ഥാനം നൽകുന്നവർ എത്രത്തോളം താഴ്ന്നുപോകുമെന്നതിന്റെ ഉദാഹരണമാണ് കേരളക്കരയിൽ സാഹിത്യ മേഖലയിൽ പ്രവർത്തിച്ചിരുന്ന ഒരു വ്യക്തി മുമ്പ് കൊച്ചിയിൽ നടന്ന സൗന്ദര്യ മത്സരത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചവരെ വിമർശിച്ച് എഴുതിയ താഴെ കൊടുക്കുന്ന വരികൾ: “പക്ഷിമൃഗാദികൾ ഉടുപ്പുകളില്ലാതെ സ്വതസിദ്ധമായ തങ്ങളുടെ സൗന്ദര്യം പ്രദർശിപ്പിച്ചുകൊണ്ടുനടക്കുന്നു. അതിനെക്കുറിച്ച് ആരും ആക്ഷേപിക്കുന്നില്ല. ബുദ്ധിപരമായി അവ മനുഷ്യരെക്കാൾ എത്രയോ ഉയരത്തിലാണ്. ഒരു പെൺകുട്ടിയെങ്ങാനും കണങ്കാലുകൾ കാണിച്ചു നടന്നാൽ അതു സദാചാരവിരുദ്ധമായി മുദ്രകുത്തപ്പെടുന്നു. ഈ വിരോധാഭാസം മനുഷ്യർക്കിടയിൽ മാത്രമെ കാണാൻ കഴിയുകയുള്ളു...” ‘എനിക്ക് മദ്യവും മധുവും ഇഷ്ടമാണെ’ന്നും ഒരിക്കൽ ഇദ്ദേഹം തുറന്നെഴുതി. വിവേചന ശേഷിയുള്ള മനുഷ്യനെയും അതില്ലാത്ത പക്ഷിമൃഗാദികളെയും സമന്മാരായി കാണാൻ ഇത്തരം ആളുകളെ പ്രേരിപ്പിക്കുന്ന പ്രധാന ഘടകം ധാർമികതയോടും സദാചാരത്തോടുമുള്ള അസാധാരണമായ പുച്ഛമല്ലാതെ മറ്റെന്താണ്?

ധാർമികതയുടെ അഭാവത്തിൽ സംഭവിക്കുന്ന അധഃപതനത്തെ ഒരു ഭൗതികോപരണത്തിന്നും തിട്ടപ്പെടുത്താൻ സാധ്യമല്ല. ശാസ്ത്രീയ കണ്ടെത്തലുകൾ വിനയായി ഭവിക്കും. വെള്ളത്തിന്റെ ശാസ്ത്രവശം പഠിക്കുമ്പോൾ തന്നെ ദാഹിച്ചവന്ന് അത് നൽകണമെന്ന ധാർമിക പാഠവും ഉൾച്ചേരുമ്പോഴാണ് അറിവിന്ന് മാറ്റുകൂടുന്നത്.

ജീവിതം സുഖകരവും സ്വസ്ഥത നിറഞ്ഞതുമായിത്തീരാൻ ചട്ടങ്ങൾ അനിവാര്യം. ഇസ്‌ലാം മനുഷ്യന്റെ ന്യായം നിറഞ്ഞ സർവ അവകാശങ്ങൾക്കും അർഹിക്കുന്ന പരിഗണന നൽകുന്നു. ജീവന്റെയും സ്വത്തിന്റെയും അഭിമാനത്തിന്റെയും സംരക്ഷണത്തിന് വലിയ തോതിൽ ഊന്നൽ നൽകുന്നു. തന്റെ വിശ്വപ്രസിദ്ധമായ വിടവാങ്ങൽ പ്രസംഗത്തിൽ പ്രവാചകൻ(സ്വ) വിശ്വാസികളോട് ഇക്കാര്യം എടുത്തു പറഞ്ഞതായി കാണാം.

അന്യായമായി ജീവൻ ഹനിക്കുന്നത് മഹാപാതകങ്ങളുടെ ലിസ്റ്റിലാണുൾപ്പെടുത്തിയിരിക്കുന്നത്. മഹാപാപങ്ങളെ കുറിച്ച് അന്വേഷിച്ച അനുചരനോട് റസൂൽ(സ്വ) പറഞ്ഞത് ‘അന്യായമായ മനുഷ്യവധ’ത്തെ കുറിച്ചാണ് (ബുഖാരി). സ്വന്തം ജീവൻ ഹനിക്കുന്നതും കൊടിയ പാപം തന്നെയാണ്. റസൂൽ(സ്വ) പറഞ്ഞു: ‘ആരെങ്കിലും മലമുകളിൽനിന്ന് ചാടി ആത്മഹത്യ ചെയ്താൽ അവൻ നരകാഗ്നിയിൽ എന്നെന്നും താഴേക്ക് ചാടിക്കൊണ്ടിരിക്കും. വിഷം കഴിച്ച് ജീവൻ നശിപ്പിച്ചാൽ നരകത്തിലും വിഷം കുടിച്ചുകൊണ്ടിരിക്കും. വല്ല ആയുധവുംകൊണ്ട് ആത്മഹത്യ ചെയ്തവനാണെങ്കിൽ നരകത്തിൽ തന്റെ ഉദരത്തിലേക്ക് അത് കുത്തിയിറക്കിക്കൊണ്ടിരിക്കും’ (ബുഖാരി).

ജീവൻ റബ്ബിന്റെ ദാനമാണ്. അതിനെ അപായപ്പെടുത്താനോ ഹനിക്കാനോ ആർക്കും അവകാശമില്ല. മനുഷ്യനെ ഭയപ്പെടുത്തുന്നതും അഭിമാനത്തിന് ക്ഷതമേൽപിക്കുന്നതും ശരീരോപദ്രവം നടത്തുന്നതും ശക്തമായി വിലക്കിയിരിക്കുന്നു. റസൂൽ (സ്വ) പറഞ്ഞു: ‘ഇഹലോകത്ത് ജനങ്ങളെ പീഡിപ്പിക്കുന്നവരെ അല്ലാഹു ശിക്ഷിക്കും, തീർച്ച” (മുസ്‌ലിം). ജനമെന്ന പൊതുവായ പ്രയോഗത്തിലൂടെ ഒരു മനുഷ്യനെയും ഉപദ്രവിക്കരുതെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു.

# ജനിതകശാസ്ത്രം; മുസ്‌ലിംകളുടെ പങ്ക്



ഡോ. ടി. കെ. യൂസുഫ്
: 9349798262

ജനിതകശാസ്ത്രത്തെ ഒരു നവീന ശാസ്ത്രമായിട്ടാണ് ലോകം മനസ്സിലാക്കുന്നത്. അത് ശരീര ശാസ്ത്രം, ഭ്രൂണശാസ്ത്രം, ജനിതക സാങ്കേതിക വിദ്യ എന്നിവയോട് അനുബന്ധമായി ജന്മമെടുത്തതാണ് എന്നാണ് പൊതുവെ കരുതപ്പെടുന്നത്. 1822ൽ ജനിച്ച ഒരു ഓസ്ട്രിയൻ പുരോഹിതനായ ഗ്രിഗർ മൻഡലാണ് ജനിതകശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്നത്. എന്നാൽ ജനിതകശാസ്ത്രത്തിന് ഇസ്‌ലാമിക നാഗരികതയോളം പഴക്കമുണ്ടെന്നാണ് ചരിത്രം വെളിപ്പെടുത്തുന്നത്. അറബികൾ പക്ഷികളെയും മൃഗങ്ങളെയും ഇണചേർക്കുന്ന സമയത്ത് ഒരു ജനിതക ശുദ്ധീകരണം നടത്തിയിരുന്നതായി കാണാം. ഇസ്‌ലാമിക പ്രമാണങ്ങളായ ക്വുർആനും ഹദീസും അടുത്ത ബന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹബന്ധം നിഷിദ്ധമാക്കിയതിലെ തത്ത്വമാണ് അവർക്ക് അതിന് പ്രചോദനം നൽകിയത്.

**ഭ്രൂണശാസ്ത്രത്തെക്കുറിച്ച് വിസ്മയകരമായ ധാരാളം വചനങ്ങൾ വിശുദ്ധ ക്വുർആനിൽ നമുക്ക് കാണാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുക്കത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും മാത്രം ശാസ്ത്രം കണ്ടെത്തിയ, ബീജത്തെക്കുറിച്ചും അണ്ഡത്തെക്കുറിച്ചും സിക്താണ്ഡത്തെക്കുറിച്ചുമുള്ള പരാമർശങ്ങൾ നമുക്ക് ക്വുർആനിൽ കാണാൻ കഴിയും. അക്കാലത്ത് ലോകത്ത് ഈ വിഷയത്തിൽ വെറും അബദ്ധ ധാരണകളാണുണ്ടായിരുന്നത്.**

ജനിതക ലക്ഷണങ്ങൾ നോക്കി കുട്ടികളുടെ മാതാപിതാക്കളെ തിരിച്ചറിയാനുള്ള അറബികളുടെ കഴിവ് അപാരമായിരുന്നു. ബനു മുദലജ് ഗോത്രം ഈ വിഷയത്തിൽ പ്രസിദ്ധരായിരുന്നു. ഒരിക്കൽ ഒരു കുഞ്ഞിന്റെ മാതാവിനെ ഇരുപത് സ്ത്രീകളുടെ കൂട്ടത്തിൽ നിർത്തിയിട്ടും അവരിൽ ഒരാൾക്ക് അവളെ വേർതിരിച്ചറിയാൻ കഴിയുകയുണ്ടായി. ഉസാമയും സൈദും ഒരു പുതപ്പുകൊണ്ട് ശിരസ്സും ശരീരവും മറയ്ക്കുകയും പാദങ്ങൾ മാത്രം വെളിപ്പെടുത്തുകയും ചെയ്ത് കിടക്കുന്നത് കണ്ട മുജസിസ് മുദ്‌ലജി 'തീർച്ചയായും ഈ പാദങ്ങൾ ചിലത് ചിലതിൽ നിന്നാണ്' എന്നു പറഞ്ഞ സംഭവം ബുഖാരി ഉദ്ധരിക്കുന്നുണ്ട്. കറുത്ത നിറമുള്ള ഉസാമയെയും വെളുത്ത നിറമുള്ള അദ്ദേഹത്തിന്റെ പിതാവ് സൈദിനെയും കേവലം കാലുകൾ മാത്രം കണ്ട് തിരിച്ചറിഞ്ഞാണ് അദ്ദേഹം അങ്ങനെ പ്രസ്താവിച്ചത്.

ഭ്രൂണശാസ്ത്രത്തെക്കുറിച്ച് വിസ്മയകരമായ ധാരാളം വചനങ്ങൾ വിശുദ്ധ ക്വുർആനിൽ നമുക്ക് കാണാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുക്കത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും മാത്രം ശാസ്ത്രം കണ്ടെത്തിയ, ബീജത്തെക്കുറിച്ചും അണ്ഡത്തെക്കുറിച്ചും സിക്താണ്ഡത്തെക്കുറിച്ചുമുള്ള പരാമർശങ്ങൾ നമുക്ക് ക്വുർആനിൽ കാണാൻ കഴിയും. അക്കാലത്ത് ലോകത്ത് ഈ വിഷയത്തിൽ വെറും അബദ്ധധാരണകളാണുണ്ടായിരുന്നത്.

**ഭ്രൂണശാസ്ത്രവും മുസ്‌ലിംകളും**

ബീജത്തിലെ ക്രോമസോമുകൾ കുഞ്ഞിന്റെ മാനസിക-ശാരീരിക രംഗങ്ങളിൽ നിർണായക സ്വാധീനം ചെലത്തുന്നുണ്ടെന്ന് ഇന്ന് ഏവർക്കും അറിയാം. എന്നാൽ പതിനാലാം നൂറ്റാണ്ടിൽ മരണപ്പെട്ട ഇബ്നുൽ ക്വയ്യിം ബീജത്തിലും അണ്ഡത്തിലും മാതാപിതാക്കളുടെ ശരീരത്തിലെ വളരെ സൂക്ഷ്മമായ അംശം അടങ്ങിയിട്ടുണ്ടെന്ന് പ്രസ്താവിച്ചതായി കാണാം. ജനിതക ഘടകങ്ങളിലൂടെ മുൻതലമുറകളിലെ സ്വഭാവ ഗുണങ്ങൾ പോലും കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന വസ്തുത ആദ്യകാല മുസ്‌ലിം പണ്ഡിതർ മനസ്സിലാക്കിയിരുന്നു. ഇമാം ത്വബ്‌രിയുടെ 'ഫിർദൗസുൽ ഹിക്മ' എന്ന ഗ്രന്ഥത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. കറുത്ത വർഗക്കാരനെ വിവാഹം ചെയ്ത ഒരു സ്ത്രീ വെളുത്ത മകളെ പ്രസവിച്ചു. ആ പെൺകുട്ടി പിന്നീട് ഒരു വെളുത്ത പുരുഷനെ വിവാഹം ചെയ്തു. പിന്നീട് അവൾ പ്രസവിച്ച കുഞ്ഞ് കറുത്തവനായിരുന്നു. പിതാമഹന്റെ സ്വാധീനമാണ് അതെന്നാണ് ത്വബ്‌രി അഭിപ്രായപ്പെടുന്നത്.

ജനിതക സ്വഭാവങ്ങളുടെ അടിസ്ഥാനം വിവരിക്കുന്ന ഒരു ഹദീസ് കാണാം. ഒരാൾ പ്രവാചക സന്നിധിയിൽ വന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എന്റെ ഭാര്യ ഒരു കറുത്ത കുഞ്ഞിനെ പ്രസവിച്ചു.' അപ്പോൾ തിരുമേനി (സ്വ) ചോദിച്ചു: 'നിനക്ക് ഒട്ടകങ്ങളുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ.' നബി(സ്വ): 'അവയുടെ നിറം എന്താണ്?' അദ്ദേഹം പറഞ്ഞു: 'ചുവപ്പ്.' തിരുമേനി ചോദിച്ചു: 'അവയിൽ ചാരനിറമുള്ളതുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ.' നബി(സ്വ) ചോദിച്ചു: 'അത് എങ്ങനെയാണ്?' അദ്ദേഹം പറഞ്ഞു: 'വല്ല അവശിഷ്ടവും സ്വാധീനം ചെലുത്തിയതായിരിക്കാം.' നബി(സ്വ) പറഞ്ഞു: 'താങ്കളുടെ മകനി ലും വല്ല അടിസ്ഥാന അവശിഷ്ടവും സ്വാധീനം ചെലുത്തിയിരിക്കാം' (ബുഖാരി).

ജനിതക ഘടകങ്ങളുടെ ഏറ്റവും അടിസ്ഥാനരൂപമാണ് ഈ ഹദീസിലൂടെ പ്രവാചകൻ(സ്വ) വിശദീകരിച്ചത്. ഇന്ന് ആധുനിക അറബി ഭാഷയിലും ജീൻ എന്ന ഇംഗ്ലീഷ് പദത്തിന് ഹദീസുകളിൽ വന്ന 'ഇർഖ്' എന്ന പദം തന്നെയാണ് ഉപയോഗിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

മാതാപിതാക്കളുടെ ചില ജനിതകഗുണങ്ങൾ മക്കളിൽ ദൃശ്യമായില്ലെങ്കിലും അടുത്ത

ലേഖനം

തലമുറയിലായിരിക്കും അത് പ്രകടമാകുക. ഇക്കാര്യം മുസ്‌ലിം പണ്ഡിതർ ശാസ്ത്ര വളർച്ചക്ക് മുമ്പുതന്നെ വ്യക്തമാക്കിയതാണ്. അതുപോലെ, അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹബന്ധം കുഞ്ഞുങ്ങളിൽ ചില വൈകല്യങ്ങൾക്ക് കാരണമായിത്തീരുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. വളരെ അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹം ഇസ്‌ലാം വിലക്കിയതാണ്. അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹം സന്താനങ്ങളുടെ ദൗർബല്യത്തിന് കാരണമാകുമെന്ന് ഉമർ(റ) പ്രസ്താവിച്ചതായി കാണാം. അദ്ദേഹം പറഞ്ഞു:. 'നിങ്ങൾ അടുപ്പമില്ലാത്തവരെ വേൾക്കുക, ദുർബലരാക്കരുത്.' അതായത്, നിങ്ങൾ അപരിചിതരെ വിവാഹം കഴിക്കുക, സന്താനങ്ങളെ ക്ഷയിപ്പിക്കരുത്. ജനിതകബന്ധം ഇല്ലാത്തവരെ വിവാഹം ചെയ്യാനാണ് ഇസ്‌ലാം പ്രോത്സാഹനം നൽകുന്നത്. മുലകുടി ബന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹം പോലും ഇസ്‌ലാം വിലക്കിയിട്ടുണ്ട്. മുലപ്പാലിലൂടെ ജനിതക ഘടകങ്ങൾ കൈമാറ്റം ചെയ്യപ്പെടുമെന്ന് ആധുനിക ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. ഈ രംഗത്തെ ഇസ്‌ലാമിക അധ്യാപനങ്ങൾ ചില അറബി കവിതകളിൽ പോലും ദർശിക്കാവുന്നതാണ്. മാവർദി ഇപ്രകാരം പറയുന്നുണ്ട്: 'എന്റെ പിതൃവ്യപുത്രി എന്റെ കാമുകിയായിരുന്നിട്ടും സന്താനം ദുർബലമാകുമെന്ന് ഭയന്ന് ഞാൻ അവളെ വിട്ടു.'

അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹം നിമിത്തം മാതാപിതാക്കളുടെ വിദൂര ജീനുകളിൽ പെട്ട രോഗങ്ങൾ വരെ കുഞ്ഞുങ്ങളിൽ പ്രകടമകാൻ കാരണമായിത്തീരുന്നുണ്ട്. ആദ്യകാല മുസ്‌ലിംകൾ ഈ നിർദേശം അവരുടെ ജീവിതത്തിൽ മാത്രമല്ല, മൃഗങ്ങളെ ഇണചേർക്കുന്ന അവസരങ്ങളിൽ പോലും ശ്രദ്ധിച്ചിരുന്നു. കുതിര, കഴുത പോലുള്ള വ്യത്യസ്ത മൃഗങ്ങളെ ഇണചേർക്കുമ്പോൾ അവർക്ക് ലഭിച്ചിരുന്നത് തികച്ചും വ്യത്യസ്തമായ ഒരു ഇനമായിരുന്നു. ഇണകൾ തമ്മിൽ എത്രകണ്ട് അടുപ്പം ഇല്ലാതിരിക്കുന്നുവോ അതാണ് കൂടുതൽ ഉത്തമം എന്ന ഒരു തത്ത്വം മനസ്സിലാക്കാൻ അവർക്ക് അത് സഹായക മായിത്തീർന്നു. കുതിരകൾ യാദൃച്ഛികമായി ഇണചേരുന്നത് ഒഴിവാക്കി പ്രത്യേകം തെരഞ്ഞെടുത്ത, ലക്ഷണമൊത്ത ജോഡികളെ മാത്രമാണ് അവർ ഇണചേർത്തിരുന്നത്. അതിലൂടെ അവർക്ക് ലക്ഷണമൊത്ത കുതിരകളെ ലഭിച്ചിരുന്നു. വിവാഹരംഗത്ത് നല്ല കുടുംബങ്ങളെ തെരഞ്ഞെടുക്കണമെന്നും സ്വഭാവങ്ങൾ അനന്തരമായി ലഭിക്കുന്നതാണെന്നും ഇബ്നുമാജ ഉദ്ധരിച്ച ചില ഹദീസുകൾ വ്യക്തമാക്കുന്നുണ്ട്. വിവാഹത്തിൽ ദമ്പതികൾ തമ്മിലുള്ള പൊരുത്തം പോലെത്തന്നെ കുടുംബത്തിന്റെ അന്തസ്സും കുലീനതയും പരിഗണിക്കേണ്ടതുണ്ടെന്നും ഇതിൽനിന്നും മനസ്സിലാക്കാം.

*(തുടരും)*

ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിസ്ഥാന ശിലകളിലൊന്നാണ് പ്രവാചകചര്യയെ പിൻപറ്റുക എന്നത്. എന്താണ് 'ഇത്തിബാഅ്' (പിൻപറ്റൽ) എന്നും ഒരു വിശ്വാസിയുടെ ജീവിതത്തിൽ അത് എങ്ങനെ പ്രായോഗികമാക്കണമെന്നും പ്രമാണങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കാം.

**എന്താണ് ഇത്തിബാഅ്?**

'ഇത്തബഅ' എന്ന അറബി ക്രിയയിൽ നിന്നാണ് 'ഇത്തിബാഅ്' എന്ന പദം രൂപംകൊള്ളുന്നത്. ഭാഷാപരമായി ഇതിനർഥം 'ഒന്നിനു പിന്നാലെ ചലിക്കുക' അഥവാ 'പിന്തുടരുക' എന്നാണ്. ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ 'ഇത്തിബാഉർറസൂൽ' എന്നത് നബി(സ്വ)യെ പിൻപറ്റുക, അവിടുത്തെ മാർഗത്തിൽ ചലിക്കുക എന്നതാണ്.

ഇന്ന് നബി(സ്വ) നമ്മോടൊപ്പമില്ല. എങ്കിലും അവിടുന്ന് കാണിച്ചുതന്ന പാത (സുന്നത്ത്) നമ്മുടെ മുമ്പിലുണ്ട്. ആ പാതയിലൂടെ സഞ്ചരിക്കുക എന്നതാണ് വിശ്വാസികളുടെ ബാധ്യത.

ഇത്തിബാഇന്റെ പ്രാധാന്യം പ്രമാണങ്ങളിൽ വിശ്വാസകാര്യങ്ങളിലും വാക്കിലും പ്രവൃത്തിയിലും ഒഴിവാക്കേണ്ട കാര്യങ്ങളിലും നബി(സ്വ)യെ



# പ്രവാചകനെ പിൻപറ്റൽ; അനിവാര്യതയും രീതിശാസ്ത്രവും

സമീർ മുണ്ടേരി
: 8594044600

മാതൃകയാക്കുക എന്നതാണ് ഇത്തിബാഅ്. അല്ലാഹു പരിശുദ്ധ ക്വുർആനിലൂടെ ഇത് ഉണർത്തുന്നത് കാണുക:

“റസൂൽ നിങ്ങൾക്ക് നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ വിരമിക്കുകയും ചെയ്യുക’ (അൽഹശ്ർ: 7).

നബി(സ്വ)യുടെ കാലശേഷം മുസ്‌ലിം ഉമ്മത്തിൽ ഭിന്നതകൾ ഉണ്ടാകുമ്പോൾ പിടിച്ചുനിൽക്കാനുള്ള മാർഗം നബി(സ്വ)യുടെ സുന്നത്താണെന്ന് ഹദീസുകൾ പഠിപ്പിക്കുന്നു. നബി(സ്വ) പറഞ്ഞു: ‘ഞാൻ നിങ്ങളെ വിട്ടേച്ചുപോകുന്നത് വ്യക്തമായ ഒരിടത്താണ് (വെളിച്ചത്തിലാണ്). അതിന്റെ രാവുപോലും പകൽപോലെയാണ്. നാശമടഞ്ഞവനല്ലാതെ എന്നിക്കുശേഷം അതിൽനിന്നും തെറ്റുകയില്ല’ (തിർമിദി).

അല്ലാഹുവിന്റെ കിതാബും നബി(സ്വ)യുടെ സുന്നത്തും മുറുകെ പിടിക്കുന്നവർ വഴിപിഴക്കില്ലെന്ന് ഇമാം മാലിക് ഉദ്ധരിച്ച ഹദീസിലും കാണാം.

**ഇത്തിബാഅ് എങ്ങനെയൊക്കെ?**

ഒരു വിശ്വാസി തന്റെ ജീവിതത്തിന്റെ നാനാതുറകളിലും പ്രവാചക മാതൃക സ്വീകരിക്കേണ്ടതുണ്ട്. പ്രധാനമായും നാല് മേഖലകളിലാണ് ഇത് ബാധകമാകുന്നത്:

**1. വാക്കുകളിൽ (അക്വ്‌വാൽ):** നബി(സ്വ)യുടെ നിർദേശങ്ങൾ അക്ഷരംപ്രതി അനുസരിക്കുന്നവരായിരുന്നു സ്വഹാബികൾ.

- ഒരിക്കൽ നബി(സ്വ) ഖുതുബക്കിടയിൽ 'ഇരിക്കൂ' എന്ന് പറഞ്ഞപ്പോൾ, പള്ളിയുടെ വാതിൽക്കൽ എത്തിയിരുന്ന അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) അത് കേട്ടയുടനെ അവിടെത്തന്നെ ഇരുന്നു. ഇത് അവിടുത്തെ വാക്കിനോടുള്ള അനുസരണയായിരുന്നു.
- പരസ്പരം അസൂയ വെക്കരുതെന്നും സഹോദരങ്ങളായി വർത്തിക്കണമെന്നുമുള്ള നബിവചനങ്ങൾ ശിരസ്സാവഹിക്കുക എന്നത് വാക്കിലുള്ള ഇത്തിബാഅ് ആണ്.

**2. പ്രവൃത്തികളിൽ/ആരാധനകളിൽ (അഫ്ആൽ):** ആരാധനകളിലും കർമങ്ങളിലും യുക്തിക്കപ്പുറം പ്രവാചക മാതൃകയാണ് പ്രധാനം.

- ഹജറുൽ അസ്‌വദിനെ ചുംബിച്ചുകൊണ്ട് ഉമർ(റ) പറഞ്ഞു: 'നീ ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വെറുമൊരു കല്ലാണ് എന്നെനിക്കറിയാം. നബി(സ്വ) നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നെങ്കിൽ ഞാനും നിന്നെ ചുംബിക്കില്ലായിരുന്നു.'
- നമസ്കാരത്തിനിടയിൽ നബി(സ്വ) ചെരുപ്പഴിച്ചപ്പോൾ, പിന്നിലുള്ള സ്വഹാബികളും കാരണം ചോദിക്കാതെ ചെരുപ്പഴിച്ചു. ആരാധനകളിൽ പ്രവാചകനെ അപ്പടി പകർത്തുകയായിരുന്നു അവർ.

**3. വർജിക്കേണ്ട കാര്യങ്ങളിൽ:** നബി(സ്വ) വിരോധിച്ച കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കലും ഇത്തിബാഇന്റെ ഭാഗമാണ്:

- ഇടതുകൈകൊണ്ട് ഭക്ഷണം കഴിക്കുന്നത്.
- പുരുഷന്മാർ വസ്ത്രം നെരിയാണിയുടെ താഴെ വലിച്ചിഴക്കുന്നത്.
- ചാരിയിരുന്നോ കമിഴ്ന്നു കിടന്നോ ഭക്ഷണം കഴിക്കുന്നത്.
- മാളങ്ങളിൽ മൂത്രമൊഴിക്കുന്നത്.
- ഇവയെല്ലാം നബി(സ്വ) വിരോധിച്ച കാര്യങ്ങളാണ്. അത് വർജിക്കൽ നിർബന്ധമാണ്.

**4. പ്രകൃതിപരമായ കാര്യങ്ങളിൽ (അൽ അഫ്ആലുൽ ജിബില്ലിയ്യ):** ഉറങ്ങുക, ഭക്ഷിക്കുക, നടക്കുക തുടങ്ങിയ മനുഷ്യസഹജമായ കാര്യങ്ങളിലും പ്രവാചകന് ചില ചിട്ടകളുണ്ടായിരുന്നു.

- ഭക്ഷിക്കുമ്പോൾ വലതു കൈ ഉപയോഗിക്കുക, നോമ്പ് തുറക്കുമ്പോൾ ഈത്തപ്പഴം ഉപയോഗിക്കുക, കിടക്കുമ്പോൾ വിളക്കുകൾ അണക്കുക തുടങ്ങിയവ ഇതിൽ പെടുന്നു.
- പ്രവാചകൻ ചെയ്തു, എന്നാൽ മതപരമായി കൽപിക്കപ്പെടാത്ത കാര്യങ്ങൾ (ഉദാഹരണത്തിന് ഇഷ്ടപ്പെട്ട വസ്ത്രം, ഭക്ഷണം) പിൻപറ്റൽ നിർബന്ധമില്ല. (ഇബ്നു ഉമറിനെ (റ) പോലെയുള്ള മഹത്തുക്കൾ അത്തരം കാര്യങ്ങളിൽ പോലും സൂക്ഷ്മത പുലർത്തിയിരുന്നു).

**നബി(സ്വ)ക്ക് മാത്രം ബാധകമായവ (ഖുസ്വൂസിയ്യത്തുകൾ):**

ഇത്തിബാഅ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം, നബി(സ്വ)ക്ക് മാത്രം പ്രത്യേകമായ കാര്യങ്ങൾ നാം അനുകരിക്കാൻ പാടില്ല എന്നതാണ്. ഉദാഹരണത്തിന്:

- നാലിലധികം സ്ത്രീകളെ ഒരേസമയം വിവാഹം കഴിക്കൽ.
- മഹ്റില്ലാതെ വിവാഹം കഴിക്കൽ.
- തഹജ്ജുദ് നമസ്കാരം നിർബന്ധമാകൽ (നമുക്കത് സുന്നത്താണ്).
- സകാത്ത് മുതൽ ഭക്ഷിക്കാതിരിക്കൽ (നബികുടുംബത്തിന് ഇത് നിഷിദ്ധമാണ്).

ഇത്തരം കാര്യങ്ങൾ പ്രവാചകന്റെ മാത്രം പ്രത്യേകതകളാണ്.

നബി(സ്വ)യുടെ സുന്നത്ത് എന്നത് അല്ലാഹുവിൽ നിന്നുള്ള വഹ്‌യ് (ദിവ്യബോധനം) തന്നെയാണ്. ക്വുർആൻ മാത്രമല്ല, നബി(സ്വ)യുടെ വചനങ്ങളും ജീവിതവും അല്ലാഹുവിന്റെ നിർദേശപ്രകാരമുള്ളതാണ്. അതിനാൽ, ഇത്തിബാഅ് എന്നത് സ്വർഗപ്രവേശനത്തിനുള്ള ഏക മാർഗമാണ്.

നബി(സ്വ) അരുളി: 'എന്റെ സമുദായം മുഴുവനും സ്വർഗത്തിൽ പ്രവേശിക്കും, വിസമ്മതിച്ചവരൊഴികെ.' ആരാണ് വിസമ്മതിച്ചവർ എന്ന് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: 'എന്നെ അനുസരിച്ചവർ സ്വർഗത്തിൽ പ്രവേശിച്ചു; എന്നോട് അനുസരണക്കേട് കാണിച്ചവർ വിസമ്മതിച്ചു' (ബുഖാരി).

നബി(സ്വ) കാണിച്ചുതന്ന വിശ്വാസങ്ങളും കർമങ്ങളും സ്വഭാവങ്ങളും ജീവിതത്തിൽ പകർത്താൻ നാം തയ്യാറാവുക. ബിദ്അത്തുകളിൽ (പുത്തൻ ആചാരങ്ങൾ) നിന്ന് വിട്ടുനിൽക്കുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

*(തുടരും)*

# സൂറതുന്നംല്

## ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 27

وَلُوطًا إِذْ قَالَ لِقَوْمِهِۦٓ أَتَأْتُونَ ٱلْفَٰحِشَةَ وَأَنتُمْ تُبْصِرُونَ ﴿٥٤﴾

54 ലൂത്വിനെയും (ഓർക്കുക). അദ്ദേഹം തന്റെ ജനതയോട് പറഞ്ഞ സന്ദർഭം: നിങ്ങൾ കണ്ടറിഞ്ഞുകൊണ്ട് നീചവൃത്തി ചെയ്യുകയാണോ?

*54). നമ്മുടെ ദാസനും പ്രവാചകനുമായ ലൂത്വിനെയും അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ വാർത്തകളെയും ഓർക്കുക. അദ്ദേഹം അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചുകൊണ്ടും ഉപദേശിച്ചുകൊണ്ടും തന്റെ ജനതയോട് സംസാരിച്ച സന്ദർഭം: (നിങ്ങൾ നീചവൃത്തി ചെയ്യുകയാണോ?) നീചമായപ്രവർത്തനമെന്നത് നല്ല മനസ്സിനും മനുഷ്യപ്രകൃതിക്കും വെറുപ്പുളവാക്കുന്ന പ്രവൃത്തിയാണ്. ഈ പ്രവൃത്തി എല്ലാ മതങ്ങളുടെയും അധ്യാപനങ്ങൾ അനുസരിച്ച് മ്ലേച്ഛമായി കാണുന്ന കാര്യമായിരിക്കും. എന്നിട്ടും നിങ്ങൾ അതിൽ ഉറച്ചുനിൽക്കുന്നു. അല്ലാഹുവിനോട് തെറ്റ് ചെയ്യാനുള്ള ധൈര്യം കൊണ്ടാണ് നിങ്ങൾ അങ്ങനെ ചെയ്യുന്നത്.*

أَئِنَّكُمْ لَتَأْتُونَ ٱلرِّجَالَ شَهْوَةً مِّن دُونِ ٱلنِّسَآءِ ۚ بَلْ أَنتُمْ قَوْمٌ تَجْهَلُونَ ﴿٥٥﴾

55 നിങ്ങൾ കാമനിവൃത്തിക്കായി സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുക്കൽ ചെല്ലുകയാണോ? അല്ല. നിങ്ങൾ അവിവേകം കാണിക്കുന്ന ഒരു ജനതയാകുന്നു.

*55). തുടർന്ന് ഈ നാണംകെട്ട പ്രവൃത്തി എന്താണെന്ന് വിശദീകരിക്കുന്നു: (നിങ്ങൾ കാമനിവർത്തിക്കായി സ്ത്രീകളെ വിട്ട് പുരുഷന്മാരുടെ അടുക്കൽ പോവുകയാണോ?) എങ്ങനെ നിങ്ങൾ ഈ അവസ്ഥയിലെത്തി? നിങ്ങൾക്ക് താൽപര്യം തോന്നുന്നത് പുരുഷന്മാരോടും അവരുടെ പിൻഭാഗത്തോടും ആണ്. അവ വിസർജ്യവും അഴുക്കുമുള്ള സ്ഥലങ്ങളാണ്. നിങ്ങളുടെ മനസ്സുകൾക്ക് ആകർഷണം സ്വാഭാവികമായി തോന്നുന്നതിനു നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ച സ്ത്രീകളെ നിങ്ങൾ ഉപേക്ഷിക്കുന്നു. നിങ്ങൾ കാര്യങ്ങൾ കീഴ്മേൽ മറിച്ചു തിന്മയെ നന്മയായി കണക്കാക്കുന്നുവോ. (നിങ്ങൾ അവിവേകം കാണിക്കുന്ന ഒരു ജനതയാകുന്നു) തീർച്ചയായും നിങ്ങൾ അല്ലാഹു നിശ്ചയിച്ച പരിധികൾ ലംഘിക്കുകയും അവന്റെ വിശുദ്ധ നിയമങ്ങൾ മറികടക്കാൻ ധൈര്യപ്പെടുകയും ചെയ്യുന്ന അജ്ഞരാണ്.*

۞ فَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوٓا۟ أَخْرِجُوٓا۟ ءَالَ لُوطٍ مِّن قَرْيَتِكُمْ ۖ إِنَّهُمْ أُنَاسٌ يَتَطَهَّرُونَ ﴿٥٦﴾

56 ലൂത്വിന്റെ അനുയായികളെ നിങ്ങളുടെ രാജ്യത്ത് നിന്നും പുറത്താക്കുക, അവർ ശുദ്ധിപാലിക്കുന്ന കുറെ ആളുകളാകുന്നു എന്നു പറഞ്ഞത് മാത്രമായിരുന്നു അദ്ദേഹത്തിന്റെ ജനതയുടെ മറുപടി.

*56). (അദ്ദേഹത്തിന്റെ ജനതയുടെ മറുപടി) സ്വീകരിക്കാമെന്നായിരുന്നില്ല. അവർ ചിന്തിക്കുകയോ ആലോചിക്കുകയോ ചെയ്തില്ല. എതിർപ്പും നിരാകരണവുമായിരുന്നു അവരുടെ മറുപടി. സത്യസന്ധനായ, തങ്ങളുടെ പ്രവാചകനെ അവർ ഭീഷണിപ്പെടുത്തി. ജന്മനാട്ടിൽനിന്ന് നാടുകടത്തി. നഗരത്തിൽനിന്ന് പുറത്താക്കുക എന്നതായിരുന്നു അവരുടെ പ്രതികരണം. (ലൂത്വിന്റെ അനുയായികളെ നിങ്ങളുടെ രാജ്യത്ത് നിന്നും പുറത്താക്കുക) ഇതായിരുന്നു അദ്ദേഹത്തിന്റെ ജനതയുടെ മറുപടി. അവർ പറയുന്നത് ഇവരാണ് തെറ്റ് ചെയ്യുന്നതെന്നും അതുകൊണ്ട് അവരെ പുറത്താക്കുകയാണ് വേണ്ടതെന്നും അതിലാണ് നാടിന്റെ രക്ഷ എന്നുമാണ്. (ലൂത്വിന്റെ അനുയായികളെ നിങ്ങളുടെ നാട്ടിൽനിന്നും പുറത്താക്കുക. അവർ ശുദ്ധിപാലിക്കുന്ന കുറെ ആളുകളാകുന്നു) അതായത് സ്വവർഗരതി ചെയ്യാത്തവർ, പുരുഷന്മാരുടെ പിൻഭാഗം ആവശ്യമില്ലാത്തവർ-അല്ലാഹു അവരെ ചീത്തയാക്കട്ടെ-ഏറ്റവും നല്ല നന്മകളെ അവർ ഏറ്റവും മോശമായ തിന്മകളാക്കി. അവരുടെ ദൂതൻ അവരോട് കൽപിച്ചതിനെതിരെ പ്രവർത്തിച്ചത് മാത്രം പോരാ അവർക്ക്. അദ്ദേഹത്തെ നാട്ടിൽനിന്ന് പുറത്താക്കുന്നേടത്തോളം എത്തി അവരുടെ ധിക്കാരം. അവർ പറയുകയും ചെയ്തു: 'അവരെ നിങ്ങൾ ഗ്രാമത്തിൽനിന്ന് പുറത്താക്കുക. അവർ ശുദ്ധി നടിക്കുന്ന ജനങ്ങളാണ്.' അവരുടെ സംസാരത്തിന്റെ ഉള്ളടക്കം ഇതാണ്: നിങ്ങൾ അഴുക്കും മാലിന്യവും പുരണ്ടവരാണ്. ശിക്ഷക്ക് അർഹരായവരാണ്. അതുകൊണ്ടുതന്നെ ഗ്രാമം വിട്ട് പോകേണ്ടവരാണ്.*

فَأَنجَيْنَاهُ وَأَهْلَهُ إِلَّا امْرَأَتَهُ قَدَّرْنَاهَا مِنَ الْغَابِرِينَ ﴿٥٧﴾

57 അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ആളുകളെയും നാം രക്ഷപ്പെടുത്തി; അദ്ദേഹത്തിന്റെ ഭാര്യ ഒഴികെ. പിൻമാറി നിന്നവരുടെ കൂട്ടത്തിലാണ് നാം അവളെ കണക്കാക്കിയത്.

وَأَمْطَرْنَا عَلَيْهِم مَّطَرًا ۖ فَسَاءَ مَطَرُ الْمُنذَرِينَ ﴿٥٨﴾

58 അവരുടെ മേൽ നാം ഒരു മഴ വർഷിക്കുകയും ചെയ്തു. താക്കീത് നൽകപ്പെട്ടവർക്ക് ലഭിച്ച ആ മഴ എത്രമോശം!

*57-58). അതാണ് അല്ലാഹു പറഞ്ഞത്: (അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ആളുകളെയും നാം രക്ഷപ്പെടുത്തി; അദ്ദേഹത്തിന്റെ ഭാര്യ ഒഴികെ. പിന്മാറി നിന്നവരുടെ കൂട്ടത്തിലാണ് അവളെ നാം കണക്കാക്കിയത്) അപ്പോഴാണ് മലക്കുകൾ മനുഷ്യ അതിഥികളുടെ രൂപത്തിൽ അദ്ദേഹത്തിന്റെ അടുക്കൽ വന്നത്. അദ്ദേഹത്തിന്റെ ജനത അവരെക്കുറിച്ച് അറിഞ്ഞു. ദുരുദ്ദേശ്യത്തോടെ അവർ അതിഥികളുടെ അടുത്തേക്ക് വന്നു. ഇത് ലൂത്വിന് വളരെയധികം പ്രയാസമുണ്ടാക്കി. അവർക്ക് പ്രവേശിക്കാൻ കഴിയാത്തവിധം വാതിൽ അടച്ചു. അപ്പോൾ ദൂതന്മാർ ലൂത്വിനോട് കാര്യം വ്യക്തമാക്കി. അവരിൽനിന്നും അദ്ദേഹത്തെ രക്ഷപ്പെടുത്തി കൊണ്ടുവരാൻ അവർ വന്നു. അവർ നശിപ്പിക്കാൻ ഉദ്ദേശിച്ചു. ശിക്ഷക്ക് നിശ്ചയിച്ച സമയം രാവിലെ ആയിരുന്നു. ഭാര്യ ഒഴികെയുള്ള, തന്റെ കുടുംബത്തെ കൂട്ടി സ്ഥലം വിടാൻ ലൂത്വിനോട് മലക്കുകൾ നിർദേശിച്ചു. അവർക്ക് വരുന്ന ശിക്ഷ ലൂത്വിന്റെ ഭാര്യയ്ക്കും വരും. ലൂത് നബി(അ) തന്റെ കുടുംബത്തെയും കൂട്ടി രാത്രി പുറപ്പെട്ടു. അങ്ങനെ അവർ രക്ഷപ്പെട്ടു. രാവിലെ നാട്ടുകാർക്ക് ശിക്ഷയെത്തി. അല്ലാഹു അവരുടെ വീടുകൾ തലകീഴായി മറിച്ചു. ചുട്ടുപഴുത്ത കളിമണ്ണിന്റെ കല്ലുകൾ ഒന്നിനുപിറകെ ഒന്നായി പതിച്ചു. അല്ലാഹു പറയുന്നു: (അവരുടെ മേൽ നാം മഴ വർഷിപ്പിക്കുകയും ചെയ്തു. താക്കീത് നൽകപ്പെട്ടവർക്ക് ലഭിച്ച ആ മഴ എത്ര മോശം) അവരുടെ മേൽ വർഷിച്ച മഴ എത്ര ചീത്ത! എത്ര ഭയാനകമായിരുന്നു ആ ശിക്ഷ! അവർക്ക് മുന്നറിയിപ്പ് നൽകിയിരുന്നുവെങ്കിലും അവർ പിന്മാറിയില്ല. അതിനാൽ തന്നെ അല്ലാഹു അവർക്ക് കഠിനമായ ശിക്ഷയാണ് നൽകിയത്.*

قُلِ الْحَمْدُ لِلَّهِ وَسَلَامٌ عَلَىٰ عِبَادِهِ الَّذِينَ اصْطَفَىٰ ۗ آللَّهُ خَيْرٌ أَمَّا يُشْرِكُونَ ﴿٥٩﴾

59 (നബിയേ,) പറയുക: അല്ലാഹുവിന് സ്തുതി. അവൻ തെരഞ്ഞെടുത്ത അവന്റെ ദാസൻമാർക്ക് സമാധാനം. അല്ലാഹുവാണോ ഉത്തമൻ; അതല്ല, (അവനോട്) അവർ പങ്കുചേർക്കുന്നവയോ?

*59). പറയുക: (അല്ലാഹുവിന് സ്തുതി) സ്തുതി പൂർണമായും അർപ്പിക്കപ്പെടേണ്ടത് അല്ലാഹുവിനാണ്. അവന്റെ വിശേഷണങ്ങളുടെ പൂർണത, അവന്റെ നീതി, ദാനം, മനോഹരമായ സ്വഭാവം, അക്രമികളെയും നിഷേധികളെയും ശിക്ഷിക്കുന്നതിലെ യുക്തി; ഇതെല്ലാം അവനെ സ്തുതിക്കേണ്ടതിന്റെ കാരണങ്ങളാണ്. സർവ മനുഷ്യരിൽനിന്നും അവൻ തിരഞ്ഞെടുത്ത അവന്റെ ദാസന്മാരാണ് പ്രവാചകൻമാർ. അല്ലാഹു പരിശുദ്ധി നൽകിയവരാണവർ. അവരിൽ സലാം അർപ്പിക്കണം. അത് അവരുടെ പ്രശസ്തി ഉയർത്താനും എല്ലാ അഴുക്കുകളിൽനിന്നും അവരെ സംശുദ്ധരാക്കാനും ഉപകരിക്കും. തങ്ങളുടെ രക്ഷിതാവിനെ കുറിച്ച് അവർ പറഞ്ഞതിലും യാതൊരു ന്യൂനതയും തകരാറുകളും ഇല്ലതാനും. (അല്ലാഹുവാണോ ഉത്തമൻ അതല്ല അവർ പങ്കു ചേർക്കുന്നവയോ?) ഇതൊരു ചോദ്യമാണ്. അതിനുള്ള പ്രതികരണം അറിയുന്നതും അംഗീകരിക്കപ്പെട്ടതുമാണ്. ലോകരക്ഷിതാവായ അല്ലാഹു പൂർണ വിശേഷണങ്ങളുള്ള മഹാദയാലുവും. അവനാണോ ഉത്തമം? അതോ വിഗ്രഹങ്ങളും ബിംബങ്ങളുമാണോ? അവയെയാണ് അവനോടൊപ്പം അവർ ആരാധിക്കുന്നത്. എല്ലാ നിലയ്ക്കും അവർ ന്യൂനതയുള്ളവരാണ്. ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്തവർ. സ്വന്തം കാര്യത്തിൽ പോലും കഴിവില്ലാത്തവർ. തങ്ങളെ ആരാധിക്കുന്നവർക്കും ഒന്നും ചെയ്തുകൊടുക്കാൻ ആവില്ല. ഒരു ചെറിയ ഗുണം പോലും ചെയ്തുകൊടുക്കാൻ അവർക്കാവില്ല. അവർ പങ്കുചേർക്കുന്ന എല്ലാറ്റിനെക്കാളും ഉത്തമം അല്ലാഹു തന്നെ.*

أَمَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ وَأَنزَلَ لَكُم مِّنَ السَّمَاءِ مَاءً فَأَنبَتْنَا بِهِ حَدَائِقَ ذَاتَ بَهْجَةٍ مَّا كَانَ لَكُمْ
أَن تُنبِتُوا شَجَرَهَا ۗ أَإِلَٰهٌ مَّعَ اللَّهِ ۚ بَلْ هُمْ قَوْمٌ يَعْدِلُونَ ﴿٦٠﴾

**60** അഥവാ, ആകാശങ്ങളും ഭൂമിയും സൃഷ് ടിക്കുകയും നിങ്ങൾക്ക് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതരികയും ചെയ്തവനോ? (അതോ അവരുടെ ദൈവങ്ങളോ?). എന്നിട്ട് അത് (വെള്ളം) മൂലം കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിച്ചുണ്ടാക്കിത്തരികയും ചെയ്തു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? അല്ല, അവർ വ്യതിചലിച്ചു പോകുന്ന ഒരു ജനതയാകുന്നു.

*60). അറിഞ്ഞിരിക്കേണ്ട ചില വിശദീകരണങ്ങൾ അല്ലാഹു നൽകുന്നു. ആരാധിക്കപ്പെടേണ്ട ഏക ആരാധ്യൻ അല്ലാഹുവാണെന്ന് വ്യക്തമാക്കുന്നു. അവനെ ആരാധിക്കുന്നതാണ് ശരി. മറ്റുള്ളവർക്കുള്ള ആരാധന തെറ്റാണ്. തുടർന്ന് ചോദിക്കുന്നു: (അഥവാ ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞ് തരികയും ചെയ്തവനോ, അതോ അവരുടെ ദൈവങ്ങളോ? എന്നിട്ട് അതുമൂലം കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിച്ചുണ്ടാക്കിത്തരികയും ചെയ്തു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവും ഉണ്ടോ? അല്ല അവർ വ്യതിചലിച്ചുപോകുന്നു) അതായത്, ആകാശഭൂമികളെയും അതിലുള്ള സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മലക്കുകൾ, ഭൂമി, പർവതങ്ങൾ, കടൽ, പുഴ, മരങ്ങൾ തുടങ്ങിയവയെല്ലാം സൃഷ്ടിക്കുകയും ചെയ്തത് ആരാണ്? (നിങ്ങൾക്ക് അവൻ ഇറക്കിത്തന്നു) നിങ്ങൾക്കായി. (ആകാശത്തുനിന്നും വെള്ളം ചൊരിഞ്ഞ് തരികയും എന്നിട്ട് അതുമൂലം തോട്ടങ്ങൾ മുളപ്പിക്കുകയും ചെയ്തു). (കൗതുകമുള്ള) തോട്ടങ്ങൾ. കാണാൻ ഭംഗിയുള്ളതും മുന്തിയ ഇനം പഴങ്ങളുള്ളതുമായ മരങ്ങൾ. മഴയിറക്കിത്തന്ന് അല്ലാഹു നിങ്ങളോട് കരുണ കാണിച്ചിരുന്നില്ലെങ്കിൽ (അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല). (അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ?) അവന്റെ കൂടെ പങ്കുകാരാക്കി വെക്കാൻ പറ്റിയ രൂപത്തിൽ ഇതെല്ലാം ചെയ്യാൻ കഴിയുന്ന ഒരു ദൈവം. (അവർ വ്യതിചലിച്ചുപോകുന്ന ഒരു ജനതയാകുന്നു) മറ്റുള്ളവരെ അവനോട് തുല്യരാക്കുന്നു. അവർക്കറിയാം, രണ്ട് ലോകങ്ങളുടെയും സ്രഷ്ടാവും ഉപജീവനം നൽകുന്നവനും അവൻ മാത്രമാണെന്ന്.*



# ഉറുമ്പുകളുടെ ലോകം

ദുൽക്കർഷാൻ അലനല്ലൂർ
94477 45299

അല്ലാഹുവിന്റെ സൃഷ്ടികളെകുറിച്ച് പഠിക്കാനൊരുങ്ങിയാൽ ചെന്നെത്താൻ കഴിയാത്തത്രയും വിശാലമായ ഒരു ലോകമാണ് നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുക. ഏതൊരു സൃഷ്ടിയെ കുറിച്ച് പഠിക്കാനൊരുങ്ങിയാലും അറിവിന്റെ ഒരു മഹാസാഗരം തന്നെ നമുക്ക് മുമ്പിൽ തീർക്കാൻ മാത്രം പോന്നതാണ് ഓരോന്നുമെന്ന് മനസ്സിലാകും. അത്രമാത്രം പ്രത്യേകതകളും വൈവിധ്യവും അല്ലാഹുവിന്റെ ഓരോ സൃഷ്ടിക്കുമുണ്ട്.

അല്ലാഹുവിന്റെ സൃഷ്ടികളിൽ ആകാരം കൊണ്ട് ചെറിയ ജീവികളിലൊന്നാണ് ഉറുമ്പ്. പ്രാണിലോകത്തിൽപെട്ട ഒരു വിഭാഗം. വലുപ്പം കൊണ്ട് ചെറുതാണെങ്കിലും അതിന്റെ ജീവിതവും അതിനെ കുറിച്ചുള്ള വിവരങ്ങളുടെ ലോകവും വലുതാണ്.

**അല്ലാഹുവിന്റെ സൃഷ്ടികളിൽ ആകാരം കൊണ്ട് ചെറിയ ജീവികളിലൊന്നാണ് ഉറുമ്പ്. പ്രാണിലോകത്തിൽപെട്ട ഒരു വിഭാഗം. വലുപ്പം കൊണ്ട് ചെറുതാണെങ്കിലും അതിന്റെ ജീവിതവും അതിനെ കുറിച്ചുള്ള വിവരങ്ങളുടെ ലോകവും വലുതാണ്. വിശുദ്ധ ക്വുർആനിലെ ഒരു അധ്യായത്തിന്റെ പേരുതന്നെ 'നംല്' അഥവാ 'ഉറുമ്പ്' എന്നാണ്. പ്രസ്തുത അധ്യായത്തിലെ 18ാം സൂക്തത്തിൽ ഉറുമ്പിനെ കുറിച്ചുള്ള പരാമർശമാണ് ആ അധ്യായത്തിന് ഈ പേരുവരാൻ കാരണം.**



വിശുദ്ധ ക്വുർആനിലെ ഒരു അധ്യായത്തിന്റെ പേരുതന്നെ 'നംല്' അഥവാ 'ഉറുമ്പ്' എന്നാണ്. പ്രസ്തുത അധ്യായത്തിലെ 18ാം സൂക്തത്തിൽ ഉറുമ്പിനെ കുറിച്ചുള്ള പരാമർശമാണ് ആ അധ്യായത്തിന് ഈ പേരുവരാൻ കാരണം. പ്രസ്തുത സൂക്തം ഇങ്ങനെയാണ്:

"അങ്ങനെ അവർ ഉറുമ്പിൻ താഴ്‌വരയിലൂടെ ചെന്നപ്പോൾ ഒരു ഉറുമ്പ് പറഞ്ഞു: ഹേ, ഉറുമ്പുകളേ, നിങ്ങൾ നിങ്ങളുടെ പാർപ്പിടങ്ങളിൽ പ്രവേശിച്ചുകൊള്ളുക. സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും അവർ ഓർക്കാത്ത വിധത്തിൽ നിങ്ങളെ ചവിട്ടി തേച്ചുകളയാതിരിക്കട്ടെ" (27:18).

സുലൈമാൻ നബി(അ)യുടെ ചരിത്രം പ്രതിപാദിക്കുന്നിടത്താണ് ഈ വിഷയം കടന്നുവരുന്നത്. സുലൈമാൻ നബി(അ) തന്റെ സൈന്യത്തെയും കൊണ്ട് സഞ്ചരിക്കവെ ഉറുമ്പുകളുടെ ഒരു താഴ്‌വരയിൽ ചെന്നെത്തി. അന്നേരം ആ വഴിയിൽ തങ്ങളുടെതായ ഏർപ്പാടിൽ മുഴുകിയ മുഴുവൻ ഉറുമ്പുകളെയും (അടുത്തുള്ളവയെയും അകലെയുള്ളവയെയും) വിളിച്ചുകൊണ്ട് കൂട്ടത്തിൽപെട്ട കാര്യബോധമുള്ള ഒരു ഉറുമ്പ് നിർദേശം നൽകുന്നതാണ് ഈ ആയത്ത്. താഴ്‌വരയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന തന്റെ ഉറുമ്പിൻ സമൂഹത്തോട് ഒരു നേതാവിനെപ്പോലെ, ബെറ്റാലിയന് നിർദേശം നൽകുന്ന ഒരു കമാന്ററെ പോലെ ആ ഉറുമ്പ് നിർദേശം നൽകുകയാണ്.

അല്ലാഹുവിൽനിന്നും പ്രത്യേകം ലഭിച്ച കഴിവിന്റെ അടിസ്ഥാനത്തിൽ ജന്തുലോകത്തെ ചിലതിന്റെ സംസാരം മനസ്സിലാക്കാൻ സുലൈമാൻ നബി(അ)ക്ക് സാധിച്ചിരുന്നു. അദ്ദേഹം ഇതു കേട്ടപ്പോൾ നന്നായി പുഞ്ചിരിച്ചുപോയി എന്ന് വിശുദ്ധ ക്വുർആനിൽ കാണാം. ശേഷം, അല്ലാഹു തനിക്ക് നൽകിയ അനുഗ്രഹത്തിന് നന്ദികാണിക്കാൻ മനസ്സിന് പ്രചോദനം നൽകാനും അല്ലാഹുവിൽനിന്നുള്ള കാരുണ്യത്തിനായി പ്രാർഥിക്കുന്നതും നമുക്ക് കാണാൻ സാധിക്കും.

"അപ്പോൾ അതിന്റെ വാക്കു കേട്ട് അദ്ദേഹം നന്നായൊന്ന് പുഞ്ചിരിച്ചു. എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമം ചെയ്യുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ.

നിന്റെ കാരുണ്യത്താൽ നിന്റെ സദ്‌വൃത്തരായ ദാസൻമാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപ്പെടുത്തുകയും ചെയ്യേണമേ" (27:19).

ഉറുമ്പുകളെ കുറിച്ച് പഠിക്കുമ്പോൾ നാം ആശ്ചര്യപ്പെട്ടു പോകും. ഭൂമിയിൽ അനേക വർഗം ഉറുമ്പുകളുണ്ട്. അതിൽ വളരെ കുറച്ച് വർഗങ്ങളെ മാത്രമെ നാം കണ്ടിട്ടുള്ളൂ. ഉറുമ്പുകൾ നന്നായി ജോലി ചെയ്യുന്നവയും സ്വന്തം ഭാരത്തെക്കാൾ എത്രയോ ഇരട്ടി ഭാരം വഹിക്കാൻ കഴിവുള്ളവയും ആർകിടെക്ചർമാർ തോറ്റുപോകും വിധം ഭവനനിർമാണം നടത്തുന്നവയുമാണ്. ഭക്ഷണ പദാർഥങ്ങൾ ശേഖരിച്ചുവെക്കാനും കേടുവരാതെ സൂക്ഷിക്കാനുമുള്ള കഴിവും അവയ്ക്കുണ്ട്.

ഉറുമ്പുകൾ സാമൂഹിക ജീവിതം നയിക്കുന്നവയാണ്. രാജ്ഞികൾ, തൊഴിലാളികൾ, പട്ടാളക്കാർ എന്നിങ്ങനെ വിവിധ തരം ഉറുമ്പുകൾ കോളനികളിൽ കാണപ്പെടുന്നു, അവ കൃഷി ചെയ്യുന്നു. 'പാൽ' പോലുള്ള ദ്രാവകം ഉത്പാദിപ്പിക്കുന്നു. ഭീമാകാരമായ കോളനികൾ നിർമിക്കുന്നു. ഏകദേശം 20 ക്വാഡ്രില്യൺ (20,000,000,000,000,000) ഉറുമ്പുകൾ ഭൂമിയിലുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. ഓരോ മനുഷ്യനും 2.5 ദശലക്ഷം ഉറുമ്പുകൾ എന്ന കണക്കിൽ! ഇത് വെറും നിഗമനമാണെന്നറിയുക, അതിലേറെയുണ്ടാകാനാണ് സാധ്യത.

**ഉറുമ്പുകളുടെ സാമൂഹിക ഘടനയും ജോലികളും**

*1. രാജ്ഞി (Queen):* മുട്ടയിടലാണ് പ്രധാന ജോലി. ചിലത് 30 വർഷം വരെ ജീവിക്കും.

*2. തൊഴിലാളി ഉറുമ്പ് (Worker):* ഭക്ഷണം ശേഖരിക്കുക, കൂട് നിർമിക്കുക, വൃത്തിയാക്കുക, ലാർവകളെ പരിപാലിക്കുക തുടങ്ങിയ ജോലികൾ ചെയ്യുന്നു. സാധാരണ കാണപ്പെടുന്ന ഉറുമ്പുകൾ ഇവയാണ്.

*3. പട്ടാള ഉറുമ്പ് (Soldier):* വലിയ താടിയെല്ലുകൾ (mandibles) ഉള്ള ഇവ ശത്രുക്കളിൽനിന്ന് കോളനിയെ സംരക്ഷിക്കുന്നു.

*4. ചിറകുള്ള ഉറുമ്പുകൾ:* പ്രത്യുത്പാദനശേഷിയുള്ള ആൺ ഉറുമ്പുകളും പെൺ ഉറുമ്പുകളും (രാജ്ഞികൾ) ഇണചേരാനായി പുറത്തുവരുന്നു.

**വിസ്മയിപ്പിക്കുന്ന കഴിവുകൾ**

*1. കൃഷി:* പൂപ്പലുകൾ കൃഷി ചെയ്യുന്ന ഇലവെട്ടിയുറുമ്പുകളും (leaf cutter ants) മറ്റു ചില സസ്യങ്ങളെ വളർത്തുന്ന ഫിലിദ്രിസ് നാഗാസോ പോലുള്ള ഉറുമ്പുകളും ഉണ്ട്.

*2. കുമിൾ കൃഷി (Fungus Farming):* ചില ഉറുമ്പുകൾ പൂപ്പൽ കൃഷി ചെയ്യുന്നതിനായി പ്രത്യേക ഇലകൾ ഉപയോഗിക്കുന്നു.

*3. പാൽ ഉത്പാദനം:* പ്യൂപ്പ ഘട്ടത്തിലുള്ള ഉറുമ്പുകൾ പാൽ പോലുള്ള പോഷകസമൃദ്ധമായ ദ്രാവകം പുറപ്പെടുവിക്കുന്നു എന്ന് സ്വിസ് ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. ഇത് ലാർവകളും ഉറുമ്പുകളും കുടിക്കുന്നു.

*4. ശക്തി:* ചില ഉറുമ്പുകൾക്ക് സ്വന്തം ഭാരത്തിന്റെ 100 ഇരട്ടി വരെ ഉയർത്താൻ കഴിയും.

*5. ആശയവിനിമയം:* ഫെറോമോണുകൾ എന്ന ഗന്ധം വഴിയാണ് ഇവ ആശയവിനിമയം നടത്തുന്നത്.

അന്റാർട്ടിക്ക ഒഴികെയുള്ള എല്ലാ ഭൂഖണ്ഡങ്ങളിലും ഉറുമ്പുകൾ കാണപ്പെടുന്നു. ഉറുമ്പുകൾ പരിസ്ഥിതിയിൽ നിർണായക പങ്ക് വഹിക്കുന്നു. മണ്ണ് വായുസഞ്ചാരമുള്ളതാക്കുന്നു, വിത്തുകൾ വിതരണം ചെയ്യുന്നു, സസ്യങ്ങൾക്കും ചില ജീവജാലങ്ങൾക്കും അവരുടെതായ രീതിയിൽ സഹായം നൽകുന്നു.

ഉറുമ്പുകൾ പരസ്പരം സംസാരിക്കുന്നുവെന്ന് ഖുർആൻ പറയുന്നു. ഇക്കാര്യം തിരിച്ചറിയുവാൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ലെങ്കിലും ഉറുമ്പുകളുടെ ജീവിതരീതിയുമായി ബന്ധപ്പെട്ട, മനുഷ്യന് മുമ്പ് പരിചയമി

**ജീവിത-താമസ വ്യവസ്ഥിതികൾ, ആസൂത്രണം, വിഭാഗീകരണം, ഉത്തരവാദിത്ത നിർവഹണം എന്നീ വിഷയങ്ങളിലെല്ലാം വിശേഷബുദ്ധി കൊണ്ടനുഗ്രഹീതമായ മനുഷ്യനെ പോലും പിന്നിലാക്കുന്ന വൈഭവം ഈ ചെറുജീവികൾ പ്രകടിപ്പിക്കാറുണ്ട്.**

ല്ലാത്ത പല വസ്തുതകളും ആധുനിക ഗവേഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ജന്തുക്കളിൽ മനുഷ്യന്റെ ജീവിത രീതിയുമായി വളരെയധികം സാദൃശ്യങ്ങളുള്ളവയാണിവ എന്ന് പഠനങ്ങൾ പറയുന്നു.

പ്രസിദ്ധ ജർമൻ ശാസ്ത്രജ്ഞനും ചിന്തകനുമായ ഹിബ്രസ് ബിസ് മാർക്കിനോട് ഒരാൾ ചോദിച്ചു: "ഏത് രീതിയിലുള്ള ജീവിതമാണ് താങ്കൾ ഇഷ്ടപ്പെടുന്നത്?" മറുപടിക്ക് ബിസ്മാർക്കിന് കൂടുതൽ ആലോചിക്കേണ്ടി വന്നില്ല: "ഉറുമ്പിന്റെ ജീവിതമാണെനിക്കിഷ്ടം." അതിനുള്ള കാരണവും അദ്ദേഹം വിശദീകരിച്ചു: "ചെറുതെങ്കിലും നമുക്കൊക്കെ മാതൃകയാക്കാവുന്ന ജീവിയാണ് ഉറുമ്പ്. അധ്വാനശീലരായ ഈ കൊച്ചുജീവികൾ തങ്ങളുടെതായ ഒരു സാമ്രാജ്യം പടച്ചുണ്ടാക്കി അതിൽ സാമൂഹികജീവിതം നയിച്ചുവരുന്നു."

'ഹൈമനോപ്റ്റ' ഗോത്രത്തിലെ ഫോർമിസിഡേ കുടുംബത്തിൽ പെടുന്ന സാമൂഹിക ജീവിയാണ് ഉറുമ്പ്. സാമൂഹിക ജീവികളായി അറിയപ്പെടുന്ന തേനീച്ച, കടന്നൽ തുടങ്ങിയവയിൽ അപൂർവമായെങ്കിലും തനിച്ച് ജീവിക്കാനിഷ്ടപ്പെടുന്നവയെ കാണാം. എന്നാൽ സമൂഹമായല്ലാതെ ഒറ്റക്ക് ജീവിക്കുന്ന ഒരു ഉറുമ്പിനെ പോലും കണ്ടെത്താനാകില്ല.

ഉറുമ്പുകളുമായി ബന്ധപ്പെട്ട, താഴെപ്പറയുന്ന വസ്തുതകളിൽനിന്നും ഇത് മനസ്സിലാക്കാവുന്നതാണ്:

- മനുഷ്യർ ശവം മറവ് ചെയ്യുന്ന അതേ രീതിയിൽ തന്നെ ഉറുമ്പുകളും ശവം മറവ് ചെയ്യുന്നു.
- കാര്യസ്ഥന്മാരും മേൽനോട്ടക്കാരും ജോലിക്കാരുമടങ്ങുന്ന അതിസങ്കീർണമായ തൊഴിൽ വിഭജന വ്യവസ്ഥതന്നെ അവയിൽ നിലനിൽക്കുന്നു.
- നർമസല്ലാപം നടത്തുന്നതിനായി ചിലപ്പോഴൊക്കെ അവ പരസ്പരം കൂടിയിരിക്കുന്നു.
- അത്യുന്നതമായ ആശയവിനിമയ സമ്പ്രദായം അവയ്ക്കിടയിൽ നിലനിൽക്കുന്നു.
- കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥിരമായ കമ്പോളങ്ങളും ചന്തകളും അവയ്ക്കിടയിലുണ്ട്.
- ഹേമന്ത കാലത്തെ ദീർഘകാല ആവശ്യത്തിനായി ഉറുമ്പുകൾ ധാന്യങ്ങൾ സൂക്ഷിച്ചു വെക്കുന്നു. ധാന്യങ്ങൾ മുളച്ചു തുടങ്ങുകയാണെങ്കിൽ, വളരാനനുവദിച്ചാൽ ചീഞ്ഞു പോകുമെന്ന കാരണത്താൽ അവ വേരുകൾ മുറിച്ചു മാറ്റുന്നു.
- മഴ കാരണത്താൽ സംഭരിച്ച ധാന്യങ്ങൾ നനയുകയാണെങ്കിൽ, ഉണക്കുന്നതിനായി സൂര്യപ്രകാശമുള്ളിടത്ത് കൊണ്ടുവയ്ക്കുന്നു. ഈർപ്പം കാരണം വേരുകൾ മുളക്കുകയും തദ്വാരാ ധാന്യങ്ങൾ ചീഞ്ഞു പോകുകയും ചെയ്യുമെന്ന ഭയത്താൽ സൂര്യപ്രകാശത്തിൽ ഉണക്കാനിട്ട ധാന്യങ്ങൾ ഉണങ്ങിയ ഉടനെ തന്നെ അകത്തേക്ക് തിരിച്ചു കൊണ്ടുവയ്ക്കുന്നു.

ജീവിത-താമസ വ്യവസ്ഥിതികൾ, ആസൂത്രണം, വിഭാഗീകരണം, ഉത്തരവാദിത്ത നിർവഹണം എന്നീ വിഷയങ്ങളിലെല്ലാം വിശേഷബുദ്ധി കൊണ്ടനുഗൃഹീതനായ മനുഷ്യനെ പോലും പിന്നിലാക്കുന്ന വൈഭവം ഈ ചെറുജീവികൾ പ്രകടിപ്പിക്കാറുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി, ഉറുമ്പ് കുടുംബത്തിലെ ആറായിരത്തിലധികം വിഭാഗങ്ങളെ കണ്ടെത്തിയിട്ടുണ്ട്. സാധാരണഗതിയിൽ ശൈത്യമേഖലാ രാജ്യങ്ങളിൽ താരതമ്യേന കുറവായും ഉഷ്ണ മേഖലാ രാജ്യങ്ങളിൽ കൂടുതലായുമാണ് ഉറുമ്പുകളെ കണ്ടുവരാറുള്ളത്. അവയിൽ ചിലത് വളരെ ചെറുതാണെങ്കിൽ, മനുഷ്യന്റെ ചെറുവിരലിനോളം വണ്ണവും നീളവുമുള്ളവയും കൂട്ടത്തിലുണ്ട്.

കൊടിയ വിഷമുള്ള ചില ഇനങ്ങളും അപൂർവമായെങ്കിലും ഇവയുടെ ഗണത്തിലുണ്ട്. ഇതര ഷഡ്പദങ്ങളിൽ നിന്ന് തിരിച്ചറിയാൻ ഉറുമ്പിനുള്ള ഒരു സവിശേഷത, അതിന്റെ ഉദരത്തിൽ വിരലിന്റെ ആകൃതിയിൽ കാണപ്പെടുന്ന 'നോഡ്' എന്ന പേരിലറിയപ്പെടുന്ന ഒന്നോ രണ്ടോ ഘടകങ്ങളാണ്. ഈ ഘടനാവൈചിത്ര്യം ഉറുമ്പുകളിലൊഴികെ മറ്റൊരു ഷഡ്പദത്തിലും കാണാൻ കഴിയില്ല. അല്ലാഹുവിന്റെ സൃഷ്ടിവൈഭവം എത്ര അപാരം! ■



# വിദ്യാഭ്യാസ നവോത്ഥാനം കേരളത്തിൽ

മുഫ്‌ലിഹ്
ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ

വിജ്ഞാനം നേടുവാൻ ശക്തമായി പ്രോൽസാഹിപ്പിക്കുകയും കൽപിക്കുകയും ചെയ്യുന്ന മതമാണ് ഇസ്‌ലാം. ഉത്തമ തലമുറയിൽപെട്ടവരും അവരെ പിന്തുടർന്നുവന്നവരുമെല്ലാം വൈജ്ഞാനികമായി ഉയർന്നുനിന്നത് ഈ ആഹ്വാനം ഉൾക്കൊണ്ടതിനാലാണ്. എന്നാൽ കേരളത്തിലെ മുസ്‌ലിംകളുടെ ഒരു നൂറ്റാണ്ടു മുമ്പത്തെ ചരിത്രം പരിശോധിച്ചാൽ യാഥാസ്ഥികതയുടെ കറുത്ത കരങ്ങൾ അടിച്ചേൽപിച്ച വിജ്ഞാന വിരോധത്തിന്റെ ഇരുളടഞ്ഞ ഏടുകൾ കാണാനാകും.

19ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 20ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി ഒറ്റയാൾ പട്ടാളമായി പോരാടിക്കൊണ്ട് കേരളത്തിലങ്ങോളമിങ്ങോളം നവോത്ഥാനത്തിന്റെ വിത്തുകൾ പാകിയ സയ്യിദ് സനാഉല്ല മക്തി തങ്ങളുടെ വാക്കുകൾ ഈ യാഥാർഥ്യത്തെ വരച്ചുകാണിക്കുന്നു: "അക്ഷരാഭ്യാസ പ്രാപ്തരാകുന്ന പുത്ര-പുത്രിമാരെ ഖുർആൻ ഓതിക്കുന്ന മൊല്ലാന്മാരെ ഏൽപ്പിക്കുന്നു. ഖുർആൻ അവസാനിക്കുന്നത് വരെ അതിൽതന്നെ ശ്രമിപ്പിക്കുന്നു. ഒന്നോ രണ്ടോ മൂന്നോ വർഷം കൊണ്ട് ഖുർആൻ അവസാനിപ്പി ക്കുന്നു. ഉടനെ പത്തുകിതാബ് എന്ന പുസ്തകം എടുക്കുന്നു. അത് അറബി ഭാഷയിൽ ഉള്ളതാകയാൽ വാചകം ചൊല്ലി മലയാള ഭാഷയിൽ അർഥപ്പെടുത്തി പഠിപ്പിക്കുന്നു. അർഥപ്പെടുത്തുന്ന മലയാളം മലവാസികൾക്ക് പോലും രസിക്കാത്തതാകുന്നു" (മുസ്‌ലിം ജനവും വിദ്യാഭ്യാസവും - മക്തി തങ്ങൾ).

അക്കാലത്തെ മതപഠന രീതിയെക്കുറിച്ചാണ് ഇപ്പറഞ്ഞത്. ആദ്യം അറബി ഭാഷയിലെ 28 അക്ഷരങ്ങളും വിദ്യാർഥി ഹൃദിസ്ഥമാക്കുമായിരുന്നു. എന്നാൽ അതോടൊപ്പം എഴുതാൻ പഠിപ്പിക്കുമായിരുന്നില്ല. പിന്നീട് ക്വുർആൻ പാരായണം ആരംഭിച്ച് അതിലെ നാലാം ഘട്ടം പൂർത്തിയാക്കിയതിനു ശേഷം മാത്രമെ കലം (തൂലിക) വിദ്യാർഥി ഉപയോഗിക്കാൻ പാടുള്ളൂ എന്നായിരുന്നു നിയമം.

ചെത്തി മിനുക്കിയ പലകകളിൽ ഒരുതരം വെളുത്ത പൊടി തേച്ച് ആ പലകമേൽ ചെത്തിക്കൂർപ്പിച്ച മുളക്കഷ്ണം കൊണ്ട് എഴുതിക്കാണിക്കും. മാത്രമല്ല, വിശുദ്ധ ക്വുർആനെയോ അതിലെ സാരാംശത്തെയോ പറ്റി കാര്യമായി അറിവില്ലാത്ത മൊല്ലമാരായിരുന്നു അധ്യാപകരായിട്ടുണ്ടായിരുന്നത്. കേവലം വായനയിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന ഇവർ യാതൊരുവിധ ചിട്ടയോ സിലബസോ ഇല്ലാതെ അവരുടെ ഇഷ്ടത്തിനും സൗകര്യത്തിനുമനുസരിച്ചായിരുന്നു പഠിപ്പിച്ചിരുന്നത്.

അഞ്ചും ആറും വർഷം നീണ്ടുനിന്നിരുന്ന ഇതുപോലുള്ള പഠനത്തോടുകൂടി എല്ലാമായി എന്ന് കരുതപ്പെട്ടിരുന്ന അക്കാലത്ത് സ്ത്രീ വിദ്യാഭ്യാസമാകട്ടെ നാമമാത്രമായിരുന്നു. ആൺകുട്ടികളെ കിതാബ് ഓതാൻ പള്ളികളിലേക്കയക്കുകയായിരുന്നു അടുത്ത കടമ്പ. കാര്യമായ സിലബസൊന്നും ഇല്ലാതിരുന്ന ഈ പഠനത്തിലെ ആദ്യഘട്ടം 'പത്തുകിതാബ്' പഠിക്കലായിരുന്നു. പിന്നീട് നീണ്ട വർഷങ്ങൾ വ്യാകരണം പഠിക്കാനായി ചെലവിട്ട ശേഷം മതനിയമങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങളിലേക്ക് തിരിച്ചെത്തുന്നു. യാതൊരു ചിട്ടയും ക്രമീകരണവും ശാസ്ത്രീയതയുമില്ലാത്ത പഠനങ്ങൾ മൂലം ജീവിതത്തിന്റെ നല്ലൊരു ഭാഗം നഷ്ടപ്പെടുത്തുന്നു എന്നതല്ലാതെ കാര്യമായ പ്രയോജനമൊന്നുമില്ലായിരുന്നു.

തൗഹീദിന് വിരുദ്ധമായ ആദർശവും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വികലവാദങ്ങളും കൊണ്ട് സമൂഹത്തെ കൂച്ചുവിലങ്ങിട്ട യാഥാസ്ഥിക പൗരോഹിത്യമായിരുന്നു അക്കാലത്തെ അവ

സാന വാക്ക്. മലയാളഭാഷയെ ആര്യനെഴുത്തെന്ന് വിശേഷിപ്പിച്ച് പഠിക്കാനോ പഠിപ്പിക്കാനോ അനുവദിച്ചില്ല. ഇംഗ്ലീഷിനെ നരകഭാഷയാക്കി അകറ്റിനിറുത്തി. ചുരുക്കിപ്പറഞ്ഞാൽ, അന്നത്തെ മുസ്‌ലിം സമൂഹം വിജ്ഞാനത്തോട് പുറംതിരിഞ്ഞു നിൽക്കുന്ന സമൂഹമായി മാറി. പണ്ഡിതരെന്നു പറയുന്നവർ സമൂഹത്തെ അങ്ങനെയുള്ളവരാക്കി മാറ്റി എന്നുവേണം പറയാൻ.

**'ഇക്‌റഅ്' അഥവാ 'നീ വായിക്കുക' എന്ന കൽപനയോടെ അവതരണമാരംഭിച്ച വിശുദ്ധ ക്വുർആനിന്റെ ആദ്യവചനങ്ങൾ എഴുത്തിന്റെയും വായനയുടെയും അറിവിന്റെയും പടിവാതിലുകൾ തുറക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതാണ്. ആ പ്രേരണയുടെ പിൻബലത്തിലായിരുന്നു 19ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്റെ ബ്രിട്ടീഷ് ഗവൺമെന്റ് ഉദ്യോഗം വലിച്ചെറിഞ്ഞ് ദീനിന് വേണ്ടി പോരാടാൻ സയ്യിദ് സനാഉല്ല മക്തി തങ്ങൾ ഇറങ്ങിത്തിരിച്ചത്. സ്വസമൂഹം നേരിടുന്ന ദയനീയതയുടെയും ചൂഷണങ്ങളുടെയും വേര് അജ്ഞതയുടെയും അറിവില്ലായ്മയുടെയും അടിത്തട്ടിൽനിന്നാണെന്ന് അദ്ദേഹം മനസ്സിലാക്കി. ഒരുവശത്ത് ബ്രിട്ടീഷ് പിന്തുണയോടെ ഇസ്‌ലാമിനെയും പ്രവാചകനെയും അവഹേളിക്കുന്ന ക്രിസ്ത്യൻ മിഷണറിമാർക്കെതിരെയും മറുവശത്ത് യാഥാസ്ഥിതിക പൗരോഹിത്യത്തിനും അന്ധവിശ്വാസങ്ങൾക്കുമെതിരെ പോരാടുമ്പോഴും സമുദായത്തെ വിദ്യാസമ്പന്നരാക്കാനുള്ള തീവ്രശ്രമവും അദ്ദേഹം നടത്തി.**

ആധുനികരെന്നു പെരുമ നടിച്ചിരുന്ന പാശ്ചാത്യനാടുകളിൽ സ്ത്രീകൾക്ക് മൗലികാവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ട ഒരു കാലത്താണ് മുസ്‌ലിം സമുദായത്തിന്റെ അഭ്യുന്നതിക്കും സ്ത്രീ വിദ്യാഭ്യാസത്തിനും അവർക്കുള്ള അവകാശങ്ങൾക്കും വേണ്ടി ശബ്ദിച്ചുകൊണ്ട് വക്കം മൗലവിയുടെ കടന്നുവരവ്. സ്ത്രീകൾക്ക് എഴുത്തുപഠിപ്പിക്കാൻ പാടില്ലെന്ന് ഫത്‌വയിറക്കിയ യാഥാസ്ഥിതിക പൗരോഹിത്യത്തിന്റെ വികലവാദങ്ങൾക്കെതിരെ തന്റെ തൂലിക കൊണ്ട് ആഞ്ഞടിച്ചായിരുന്നു കേരള മുസ്‌ലിംകൾക്കിടയിൽ വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ വിത്തുകൾ അദ്ദേഹം പാകിയത്.

മദ്‌റസാ പ്രസ്ഥാനത്തിലൂടെ കേരളീയ മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസരീതിയെത്തന്നെ അടിമുടി മാറ്റിയെഴുതിയ മഹാനാണ് മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പരിഷ്‌കാരങ്ങൾ അമുസ്‌ലിംകളുടെ പഠനരീതിയുമായി സാമ്യമുള്ളതാണെന്നും അതിനാൽ അവ പാടില്ലെന്നും ജഹന്നമിന്റെ 'മീ'മാണ് മദ്‌റസയുടെ 'മീം' എന്നുമെല്ലാം പറഞ്ഞ് യാഥാസ്ഥിതിക നേതൃത്വം കുപ്രചാരണങ്ങളഴിച്ചുവിട്ട് ആ മുന്നേറ്റത്തിന് തടയിടാൻ ശ്രമിച്ചു.

മതപഠനത്തിന് പുറമെ മലയാളഭാഷ, ഗണിതം, സാമൂഹ്യവിജ്ഞാനം എന്നിവ ചേർത്തു വെച്ചുകൊണ്ട് വാഴക്കാട് ദാറുൽ ഉലൂമിലൂടെ മലബാർ മേഖലയിൽ മദ്‌റസാ പ്രസ്ഥാനത്തിന് അദ്ദേഹം അടിത്തറയിട്ടു. പിന്നീട് പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും ചോക്കും ബോർഡും ബെഞ്ചും ഡെസ്‌കുമെല്ലാമുള്ള മദ്‌റസ സ്ഥാപിതമായി. ഇവിടെ നിന്നാണ് കെ.എം. മൗലവി, ഇ. മൊയ്തു മൗലവി, പി.കെ മൂസ മൗലവി തുടങ്ങിയ, മുസ്‌ലിം കൈരളിയെ നേരിന്റെ പാതയിലേക്ക് നയിച്ച ഒരുപറ്റം നവോത്ഥാന നായകർ ഉടലെടുത്തത്.

പിന്നീട് മലയാളനാട് സാക്ഷ്യം വഹിച്ചത് തുല്യതയില്ലാത്ത വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്കായിരുന്നു. കെ.എം. മൗലവി, എൻ.വി. അബ്ദുസ്സലാം മൗലവി, എം.സി.സി അബ്ദുറഹ്മാൻ മൗലവി, മൗലാനാ അബുസ്സ്വബാഹ് അഹ്മദ് മൗലവി തുടങ്ങി അനവധി അപൂർവ പ്രതിഭകളുടെ പരിശ്രമ ഫലമായി കേരളത്തിലങ്ങോളമിങ്ങോളം ഒട്ടനവധി മത - ഭൗതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെടുകയുണ്ടായി. കാലം മുന്നോട്ട് ഗമിച്ചപ്പോൾ നവോത്ഥാന വഴിയിൽ വിലങ്ങുതടിയായിരുന്നവർ പോലും തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിൽ മേനി നടിക്കുന്നുവെങ്കിൽ ഇസ്‌ലാഹി നവോത്ഥാന നായകർ നടത്തിയ പോരാട്ടങ്ങളുടെ അനന്തര ഫലമാണ് അതെല്ലാം.

ചരിത്ര വസ്തുതയെ എത്ര മായ്ക്കാൻ ശ്രമിച്ചാലും അത് തെളിഞ്ഞുകൊണ്ടേയിരിക്കുമെന്നത് യാഥാർഥ്യമാണ്. നവോത്ഥാനം ഒരു തുടക്കമല്ല, മറിച്ച് തുടർച്ചയാണ്; പ്രവാചകന്മാരുടെ തൗഹീദില ധിഷ്ഠിതമായ പ്രവർത്തനത്തിന്റെ തുടർച്ച. ■



# അവധിക്കാലം: കളിയിലുമുണ്ട് കാര്യം

ഡോ.യാസ്മിൻ എം അബ്ബാസ്

തൊടിയിലെ വലിയ മാവും അതിനെ ചുറ്റിപ്പറ്റി ഒരു കുട്ടിപ്പുരയും ഇലകൾ കാശാക്കി എണ്ണിക്കൊടുത്ത് സാധനങ്ങൾ വാങ്ങാൻ ഒരു പീടികയുമൊക്കെ കുട്ടിക്കാലത്തെ മധുരമുള്ള അവധിക്കാല ഓർമകളാണ്.

കാലത്തിനൊത്ത് ചുറ്റുപാടുകൾ മാറിയപ്പോൾ പറമ്പിന്റെയും മാവിന്റെയുമൊക്കെ എണ്ണവും വണ്ണവുമൊക്കെ കുറഞ്ഞു കാണും. എന്നാലും നമ്മുടെ മക്കൾക്ക് കളിക്കാൻ ചുറ്റുവട്ടത്തെവിടെങ്കിലും തണലുള്ള ഒരിടം കാണാതിരിക്കില്ലല്ലോ!

കയ്യിലിരിക്കുന്ന സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നതിനൊരു പരിധി നിശ്ചയിച്ചാൽ അവരും മുറ്റത്തിറങ്ങി കളിക്കും. കളിയിലൂടെ ഒരുപാട് കാര്യങ്ങൾ പഠിക്കും. വീടിന് പുറത്തിറങ്ങി കൂട്ടുകാരുമായി ഒത്തു ചേർന്ന് കുട്ടികൾ കളിക്കുന്നതിലൂടെ അവരുടെ

ശാരീരിക, മാനസിക, സാമൂഹിക വളർച്ചയെ അത് കാര്യമായി സ്വാധീനിക്കുമെന്നതിൽ സംശയമില്ല.

**ശാരീരിക നേട്ടങ്ങൾ**

കായികമായ  കളികളിൽ കുട്ടികൾ ഏർപ്പെടുന്നതിലൂടെ അവരുടെ കായിക ക്ഷമത വർധിക്കുകയും  ശാരീരിക വളർച്ച പുഷ്ടിപ്പെടുകയും ചെയ്യുന്നു.

- അടങ്ങിയിരിന്നുകൊണ്ടുള്ള കളികളെ അപേക്ഷിച്ച് കുട്ടികൾ പുറത്തിറങ്ങി കളിക്കുമ്പോൾ അമിതവണ്ണം പോലുള്ള ആരോഗ്യപ്രശ്നങ്ങൾ ഒഴിവാകുന്നു.
- ഓട്ടവും ചാട്ടവുമെല്ലാം കൂടിച്ചേർന്ന കളികൾ കുട്ടികളുടെ വിശപ്പ്, ദഹനം എന്നിവക്ക് സഹായകരമാവുന്നു.
- ഉറക്കം നല്ല രീതിയിൽ ലഭിക്കും. നല്ല ഉറക്കം പകലുകളെ ഊർജസ്വലതയുള്ളതാക്കുവാൻ സഹായിക്കുന്നു.
- പുറത്തിറങ്ങിയുള്ള കളികളിലൂടെ വെയിലും മഴയും മണ്ണുമെല്ലാമായി ഇടപഴകുവാൻ സാധിക്കുന്നു. അതിലൂടെ സ്വാഭാവികമായ രോഗപ്രതിരോധശേഷി വർധിക്കുന്നു.

**മാനസികനേട്ടങ്ങൾ**

- ശാരീരിക അധ്വാനങ്ങൾ ഉൾകൊള്ളുന്ന കളികളിലൂടെ കോർട്ടിസോൾ ലെവൽ കുറയുകയും കുട്ടികളിലെ സ്ട്രെസ്സ്, ഡിപ്രഷൻ തുടങ്ങിയ അവസ്ഥകൾ കുറക്കാൻ സഹായിക്കുകയും ചെയ്യുന്നു.
- ചിന്താശക്തിയെ ഉത്തേജിപ്പിക്കുവാനും ആത്മവിശ്വാസം വളർത്തുവാനും പല കളികളിലൂടെയും സാധിക്കുന്നു.

**സാമൂഹിക നേട്ടങ്ങൾ**

- കൂട്ടുകാരുമൊത്തുള്ള കളികൾ കുട്ടികളിൽ മാനുഷികമായ പല ഗുണങ്ങളും ഉണ്ടാക്കിയെടുക്കാൻ സഹായിക്കുന്നതാണ്.
- പരസ്പരം മനസ്സിലാക്കുക, സഹകരിക്കുക, ഉൾകൊള്ളുക തുടങ്ങിയ സൽഗുണങ്ങൾ ശീലിക്കാൻ സഹായിക്കുന്നു.
- കൂട്ടായ കളികളിലൂടെ നേതൃത്വ ഗുണം പരിശീലിപ്പിക്കാൻ കഴിയുന്നു.
- അനുസരണം, അംഗീകാരം തുടങ്ങിയ സ്വഭാവങ്ങൾ ശീലിക്കാൻ സഹായകരമാവുന്നു.
- പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അതിനെ നേരിടാനും പരിഹരിക്കാനും കുട്ടികൾ സംഘം ചേർന്നുള്ള കളികളിലൂടെ പഠിക്കുന്നു.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പല ഗുണങ്ങളും പുതിയ തലമുറയിലെ കുട്ടികൾക്ക് അറിയാതെ പോകുന്നത് ഇന്നത്തെ നേർകാഴ്ചയാണ്. രക്ഷിതാക്കൾ പലപ്പോഴും കുട്ടികളുടെ പഠനത്തിനും മറ്റു ഭൗതിക സൗകര്യങ്ങൾക്കും പ്രാധാന്യം കൽപിക്കുകയും അതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുമ്പോഴും അടിസ്ഥാനപരമായി അവർ നേടിയെടുക്കേണ്ട പല മാനുഷികമായ ഗുണങ്ങളെ പറ്റി അശ്രദ്ധരാവുന്നു.

അവധിക്കാലം വന്നെത്തുമ്പോഴെങ്കിലും മറ്റു പഠനങ്ങളിൽനിന്നും ഡിജിറ്റൽ ലോകത്തുനിന്നും അവരെ അൽപം മാറ്റിനിറുത്തണം. അയൽപക്കത്തെയും കുടുംബത്തിലെയും കുട്ടികളുമായി ഇടപഴകാനുള്ള അവസരം അവർക്ക് നൽകണം. കൂട്ടുകാരുമൊത്തുള്ള കളികളിലൂടെ അവർക്ക് ലഭിക്കുന്ന നിരവധി അനുഭവങ്ങളും അതിലൂടെ അവർ പഠിക്കുന്ന പാഠങ്ങളും വീട്ടിനകത്തുനിന്ന് അവർക്ക് ലഭിച്ചു കൊള്ളണമെന്നില്ല.

■



# ചിലപ്പോഴൊക്കെ

തെസ്‌ന വീരാൻ



ചിലപ്പോഴൊക്കെ വാക്കുകളുള്ളിൽ
തീപ്പന്തം കത്തിച്ച്
പുകച്ചു കളിക്കുമ്പോൾ
പേനയ്ക്കും കടലാസിനുമിടയിൽ
കൈ വിറച്ചിരുന്നിട്ടുണ്ട്.

ചിലപ്പോഴൊക്കെ
കണ്ണിനുള്ളിലൊരു
കടലുപ്പുതന്നെയാരോ
കുറുക്കുന്നുണ്ടെന്നറിയുമ്പോഴും
ഒരു തുള്ളിപോലും
കവിളിൽ പെയ്യാതിരുന്നിട്ടുണ്ട്,
കണ്ണിൽ ഊറി നിന്നിട്ടുണ്ട്.

ചിലപ്പോഴൊക്കെ
മനസ്സിൽ നിറച്ച വാക്കുകളെല്ലാം
അടുക്കി വെച്ചതിൽനിന്നും
ഊർന്നിറങ്ങുമ്പോൾ
ഒരക്ഷരം പോലുമുരിയാടാതെ
പല മുഖങ്ങളും നോക്കി
തല താഴ്ത്തിയിട്ടുണ്ട്.
നാക്കിൻ തുമ്പിലേറ്റിയ വാക്കുകളെ
അരുതെന്നു ശാസിച്ച്
കടിച്ചമർത്തിയിട്ടുണ്ട്.

ചിലപ്പോഴൊക്കെ ചില വാക്കിനും
വരികൾക്കും കണ്ണീരിനും
മുഖങ്ങൾക്കും മുന്നിൽ
എന്റെ മനസ്സും മരിച്ചിട്ടുണ്ട്.
കൂടുതൽ കരുത്തിൽ
അനേകം തവണയായ്
പുനർജനിച്ചിട്ടുമുണ്ട്.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

SCHOOL OF Qur'an

مكتبة جامعة الهند الإسلامية

JAMIA AL HIND AL ISLAMIYYA

മക്കൾക്ക് വ്യവസ്ഥാപിതമായ
മതപഠനം നൽകാൻ
ആഗ്രഹിക്കുന്നുവോ?

# സ്കൂൾ ഓഫ് ഖുർആൻ



**പ്രാദേശിക സെന്ററുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

## സവിശേഷതകൾ

- 18 വർഷം നീണ്ടുനിൽക്കുന്ന തുടർച്ചയായ മതപഠനം
- തജ്‌വീദിൽ പരിശീലനം നേടിയ പരിചയസമ്പന്നരായ അധ്യാപകർ
- പഠന പ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം
- ഹദീസ്, അറബി, അഖീദ, കർമ്മം, സ്വഭാവം, ഇസ്‌ലാമിക ചരിത്രം: നവീനരീതിയിൽ തയ്യാറാക്കിയ പഠന രീതികളും പഠന സാമഗ്രികളും
- രക്ഷിതാക്കൾക്ക് വ്യവസ്ഥാപിതമായ സിലബസ് അനുസരിച്ചുള്ള പാരന്റിങ് ക്ലാസുകളും മൂല്യ നിർണയവും
- വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ഡെസ്ക് സൗകര്യം
- നൂർ ആപ്പ് : സൗജന്യ ഖുർആൻ മൊബൈൽ ആപ്പ്
- സ്കിൽ ഡെവലപ്മെന്റ് ആക്ടിവിറ്റികളോടെയുള്ള പ്രീസ്കൂൾ പഠനം
- ഖുർആൻ പാരായണം മികവുറ്റതാക്കാൻ അൽഖാഇദത്തുന്നൂറാനിയ്യ കോഴ്സ്
- ഓൺലൈൻ ഫോളോഅപ്പിനായി ട്രാക്കർ ആപ്ലിക്കേഷൻ

- നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- 2,3 ഗ്രേഡിലേക്ക് പ്രവേശന പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ഞായറാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

**അപേക്ഷകർ QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.**


**+91 86067 88882 | +91 75940 88003**

Head Office: Jamia Al-Hind Al-Islamiyya | Wadi Al Hikma
Jamia Campus | Mini Ootty | Oorakam | Malappuram | Kerala- 676519

www.schoolofquran.in  Info@schoolofquran.in

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
28 March2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-




മൂല്യബോധമുള്ള തലമുറയ്ക്കായി
ജീവിത നൈപുണികളോടെ...

ശാന്തവും സുരക്ഷിതവുമായ പഠനാന്തരീക്ഷം.

# GreenHome

Residential Campus For Boys & Girls

**Std 5 to Std IX**

## 2nd ADMISSION Selection Camp

**11** 2026 April Saturday 9:30AM-4PM

## ഗ്രീൻ ഹോം പ്രത്യേകതകൾ:

- **അക്കാദമിക് മികവും മെന്ററിംഗും**:
വ്യക്തിഗത ശ്രദ്ധ ഉറപ്പാക്കുന്ന മികച്ച മെന്ററിംഗ് സിസ്റ്റവും കൗൺസിലിംഗ് സൗകര്യങ്ങളും.
- **ധാർമിക വിദ്യാഭ്യാസം:**
സ്കൂൾ പഠനത്തോടൊപ്പം ഖുർആൻ പഠനം, പ്രാർത്ഥനാ ശീലങ്ങൾ, മതബോധം എന്നിവയിൽ ഊന്നിയുള്ള ജീവിതക്രമം.
- **ഡിജിറ്റൽ ഡിറ്റോക്സ്:**
മൊബൈൽ അഡിക്ഷനിൽ നിന്ന് മാറി നിൽക്കാം
- **സുരക്ഷിത ക്യാമ്പസ്:**
സൽസ്വഭാവവും ആത്മവിശ്വാസവും വളർത്താനുതകുന്ന സ്വസ്ഥമായ താമസ-പഠന സൗകര്യം
- **കഴിവുകളുടെ വികാസം:**
കല, കായികം, ലീഡർഷിപ്പ് പരിശീലനങ്ങൾ. കൂടാതെ പീസ് റേഡിയോയിലൂടെ ആശയവിനിമയ മികവ് വളർത്താൻ പ്രത്യേക അവസരം.



GREEN HOME
RESIDENTIAL CAMPUS

GREEN VALLEY
PUBLIC SCHOOL

91 9061 716 600
91 9061 786 600, 91 9061 746 600

Green Valley Campus, P.O.Nellikkaparamba, Mukkam, Kozhikode E-mail: info@greenvalleycampus.com | www.greenvalleycampus.com